## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | അവതാരിക | 3 |
| 2. | ആമുഖം | 4 |
| 3. | ഭരണസമിതി | 5 |
| 4. | പൊതുവിവരങ്ങൾ | 6 |
| 5. | ഘടന | 7 |
| 6. | ചുമതലകൾ | 8 |
| 7. | ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും | 9 |
| 8. | പൗരധർമ്മവും ഉത്തരവാദിത്തങ്ങളും | 16 |
| 9. | തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ | 18 |
| 10. | തദ്ദേശ ട്രിബ്യൂണൽ | 20 |
| 11. | വിവരാവകാശനിയമം 2005 | 22 |
| 12. | ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം | 23 |
| 13. | ജാഗ്രതാസമിതി | 24 |
| 14. | കുടുംബശ്രീ | 25 |
| 15. | വ്യവസായങ്ങളും വ്യവസ്ഥകളും | 27 |
| 16. | അംഗൻവാടികൾ | 32 |
| 17. | എഞ്ചിനിയറിംഗ് വിഭാഗം | 35 |
| 18. | കൃഷിഭവൻ | 36 |
| 19. | പ്രാഥമിക ആരോഗ്യ കേന്ദ്രം | 39 |
| 20. | ആയുർവ്വേദ ഡിസ്പെൻസറി | 42 |
| 21. | വെറ്റിനറി ഡിസ്പെൻസറി | 43 |
| 22. | വാർഡ്മെമ്പർമാർ | 44 |
| 23. | ഭരണസമിതി | 46 |
| 24. | ജീവനക്കാർ | 48 |
| 25. | സേവനങ്ങൾ | 49 |
| 26. | സേവനാവകാശം | 70 |
| 25. | കുറ്റവും ശിക്ഷയും | 75 |

True democracy cannot be worked
By twenty men sitting at the centre,
It has to be worked from below
By the people of every village

Mahatma Gandhi

# അവതാരിക



മാന്യരെ ,

പൗരസമൂഹത്തിന് സേവനാവകാശം ഉറപ്പുവരുത്തുമ്പോഴാണ് അധികാര വികേന്ദ്രീകരണത്തിന്റെ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നത്. ജനാതിപത്യ പ്രക്രിയയ്ക്ക് അനുസൃതമായ തത്വങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം ഇവ നിർവ്വഹിക്കപ്പെടേണ്ടത്. നീതി പൂർവ്വമായ ഭരണ പ്രക്രിയയും ജന പക്ഷ ഭരണസംവിധാനവും ജനാധിപത്യ വ്യവസ്ഥയിൽ പൗരന്റെ അവകാശമാണ്. പൗരസമൂഹത്തിന് സേവനം ഒരു അവകാശമാണെന്ന് ഉറപ്പുവരുത്തുന്നത് സദ്ഭരണത്തിന്റെ മുൻ ഉപാധിയാണ്. സുതാര്യതയും കാര്യക്ഷമയതും ഫലപ്രാപ്തിയുമുള്ള ഈ സംവിധാനം ജന സൗഹൃദവും അഴിമതി രഹിതവും പ്രതികരണ സ്വഭാവമുള്ളതും നിയമാധിഷ്ഠിതവുമായിരിക്കണം .1994 ലെ കേരള പഞ്ചായത്തീരാജ് നിയമത്തിൽ പൗരാവകാശരേഖ ഒരു സുപ്രധാന ഭരണ സംവിധാനമാണ്.

ഓരോ ഗ്രാമ പഞ്ചായത്തും പ്രദേശവാസികൾക്ക് ഭരണ സംവിധാനം വഴി നിയമപരവും പൊതുവായതുമായ വിവിധ സേവനങ്ങളും അവയ്ക്കുള്ള നിബന്ധനകളും ഈടാക്കാനുദ്ദേശിക്കുന്ന ഫീസുകളും കാലപരിധി നിശ്ചയിച്ച് പൊതു ജനങ്ങളിലെ അറിവിലേക്കായും പൊതു ജനങ്ങൾക്ക് സമയബന്ധിതമായി സേവനം നൽകുന്നതിനും വേണ്ടി ഒരു സേവന സംവിധാനം കേരള പഞ്ചായത്തീരാജ് നിയമം 227 (എ) വകുപ്പ് നിഷ്കർഷിക്കുന്നു.

പഞ്ചായത്തിലെ ദേശവാസികൾക്ക് വേണ്ടി മുൻഗമനാക്രമം ഉറപ്പ് വരുത്തുന്നതിനും ,സമയക്രമം അറിയുന്നതിനും സംബന്ധിച്ചുള്ള സാമാന്യ വിവരങ്ങളാണ് ഈ രേഖയിൽ നൽകുവാൻ ഭരണ സമിതി ശ്രമിച്ചിട്ടുള്ളത് .പൗരാവകാശരേഖക്കനുസൃതമായി സമയബന്ധിതമായ സേവനം പ്രധാനം ചെയ്യുന്ന ഭരണപ്രക്രിയയാണ് ഭരണാധികാരികളും ഉദ്യോഗസ്ഥ സംവിധാനങ്ങളും കൂടി സുതാര്യമായി നിർവ്വഹിക്കുവാൻ ഉദ്ദേശിക്കുന്നത് ആ ലക്ഷ്യം പൂർത്തീകരിക്കുന്നതിലൂടെ മാത്രമേ ജന സൗഹൃദ പരവും കാര്യക്ഷമവുമായ സേവനം നിലവിൽ വരുത്താനാവൂ എന്നത് ഈ മഹത്തായ ലക്ഷ്യത്തിലേക്കുള്ള ചൂണ്ടുപലകയാണ് പ്രസിദ്ധീകരിച്ച പൗരാവകാശരേഖ. സമയബന്ധിതമായും നീതി പൂർവ്വമായും സേവനം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള ചിറക്കൽഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരിശ്രമം ലക്ഷ്യത്തിലെത്തിക്കുന്നതിന് പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ ആളുകളുടെയും ആത്മാർഥമായ സഹകരണം അഭ്യർഥിക്കുന്നു.ഈ മഹത്തായ ലക്ഷ്യ പ്രാപ്തിക്ക് നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

സ്നേഹപൂർവ്വം
ശ്രുതി പി
പ്രസിഡണ്ട്
ചിറക്കൽ ഗ്രാമ പഞ്ചായത്ത്

# ആമുഖം



"വീട്ടുപടിക്കൽ സേവനങ്ങൾ പ്രധാനം ചെയ്യുക" സേവന പ്രധാനത്തെക്കുറിച്ച് നമ്മുടെ മഹാനായ മുൻ രാഷ്ട്രപതി ഡോ.എ പി ജെ അബ്ദുൾകലാം കണ്ട സ്വപ്നത്തിനനുസൃതമായി സുതാര്യവും സമയബന്ധിതവുമായി ജനങ്ങൾക്ക് സേവനം പ്രധാനം ചെയ്യുന്നതിനുള്ള പരിശ്രമത്തിലാണ് ചിറക്കൽ ഗ്രാമ പഞ്ചായത്ത്. കേരള പഞ്ചായത്തീരാജ് നിയമത്തിലെ 272 (എ) വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് ലഭ്യമാക്കുന്ന വിവിധയിനം സേവനങ്ങളും അവയുടെ വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധിയും സംബന്ധിച്ച് പ്രതിപാദിക്കുന്ന പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്തീരാജ് പൗരാവകാശരേഖാ ചട്ടങ്ങൽ, വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നിവ പ്രകാരം പഞ്ചായത്തുകളിൽ നിന്നും ഘടക സ്ഥാപനങ്ങളിൽ നിന്നും പൗരൻമാർക്ക് ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾ, അതിനാവശ്യമായ രേഖകൾ, അടക്കേണ്ടുന്ന ഫീസ്, സേവനം ലഭ്യമാക്കുന്ന സമയം എന്നിവയെ കുറിച്ചുള്ള പഞ്ചായത്തിന്റെ പ്രഖ്യാപനമാണ് ഈ പൗരാവകാശ രേഖ. ചിറക്കൽ ഗ്രാമപഞ്ചായത്തിൽ സേവന ഉപഭോക്താക്കാളായി വരുന്ന ഏവർക്കും അവകാശപ്പെട്ടതും, അർഹതപ്പെട്ടതുമായ സേവനം സുതാര്യവും സമയബന്ധിതമായും തികച്ചും സൗഹൃതപരമായ അന്തരീക്ഷത്തിൽ നിർവ്വഹിക്കുവാൻ ഈ ഗ്രാമപഞ്ചായത്തിലെ എല്ലാ ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും പ്രതിജ്ഞാബദ്ധരാണെന്ന് ഈ പൗരാവകാശ രേഖയിലൂടെ ഉറപ്പുനൽകുന്നു. ജനോപകാരപ്രദവും സുതാര്യവുമായ സദ്ഭരണത്തിലേക്കുള്ള മുന്നേറ്റത്തിന് കൈത്താങ്ങാകാനും സ്വന്തം അവകാശങ്ങളെയും കടമകളേയും കുറിച്ച് അറിവുള്ള പ്രബുദ്ധരായ ഒരു ജനതയെ വാർത്തെടുക്കുവാനുള്ള ഈ പരിശ്രമം വിജയപ്രദമാകുമെന്ന പ്രതീക്ഷയോടെ ഈ പൗരാവകാശ രേഖ ചിറക്കൽ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കുമുമ്പാകെ സവിനയം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ
ടി ഷിബു കരുൺ
സെക്രട്ടറി
ചിറക്കൽ ഗ്രാമ പഞ്ചായത്ത്

# ഈ പ്രദേശത്തെ ജനപ്രതിനിധികൾ

ലോകസഭാംഗം – കെ സുധാകരൻ
നിയമസഭാംഗം – കെ വി സുമേഷ്

## ജില്ലാ പഞ്ചായത്ത് മെമ്പർമാർ

അഡ്വക്കേറ്റ് ടി സരള( പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ )
ശ്രീമതി കെ താഹിറ

## ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ

ശ്രീമതി ജിഷ കെ സി (പ്രസിഡണ്ട് )
ശ്രീ കെ. വി സതീശൻ
ശ്രീ പി കെ ചന്ദ്രമോഹനൻ
ശ്രീമതി സതി വി .കെ

# ഗ്രാമ പഞ്ചായത്ത് ഭരണ സമിതി

*പ്രസിഡണ്ട്*
**ശ്രുതി പി**

*വൈസ് പ്രസിഡണ്ട്*
**ശ്രീ അനിൽ കുമാർ പി**

*വികസനസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ*
**ശ്രീമതി മോളി ടി കെ**

*ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ*
**ശ്രീ ശശീന്ദ്രൻ എൻ**

*ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ*
**ശ്രീമതി വൽസല കെ**

***അംഗങ്ങൾ***

ശ്രീമതി ജിഷ പി
ശ്രീമതി. സിന്ധു കെ വി
ശ്രീമതി സീമ പി വി
ശ്രീ കെ കെ നാരായണൻ
ശ്രീമതി. സുജീറ
ശ്രീമതി സുരിജ
ശ്രീ ഹസ്നാഫ് കെ വി
ശ്രീ അജയകുമാർ പി
ശ്രീ പി പ്രസാദ്
ശ്രീമതി. ഗൗരി കെ വി
ശ്രീ അനീഷ് കുമാർ പി
ശ്രീമതി. റീന അനിൽ
ശ്രീമതി. കെ ലത
ശ്രീമതി. അനില പി വി
ശ്രീമതി. ടി പി സായികിരൺ
ശ്രീമതി. റീന സി വി
ശ്രീ ടി എം സുരേന്ദ്രൻ
ശ്രീ ടി സുജിത്ത് കുമാർ

*സെക്രട്ടറി*
**ടി ഷിബു കരുൺ**

# പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്-ചിറക്കൽ
വില്ലേജ് - ചിറക്കൽ
ബ്ലോക്ക് - കണ്ണൂർ
താലൂക്ക - കണ്ണൂർ
ജില്ല - കണ്ണൂർ
വിസ്തൃതി - 13.56 ച.കി .മീ

## അതിരുകൾ

| | | |
|---|---|---|
| കിഴക്ക് | - | കണ്ണൂർ കോർപ്പറേഷൻ |
| പടിഞ്ഞാറ് | - | അഴീക്കോട് ഗ്രാമപഞ്ചായത്ത് |
| തെക്ക് | - | കണ്ണൂർ കോർപ്പറേഷൻ |
| വടക്ക് | - | കാട്ടാമ്പള്ളിപുഴ ,വളപട്ടണം പുഴ |

## ജനസംഖ്യ (2011 സെൻസസ്)

| | | |
|---|---|---|
| പുരുഷൻമാർ | - | 21,123 |
| സ്ത്രീകൾ | - | 24,478 |
| പട്ടികജാതി | - | 2,702 |
| സാക്ഷരർ | - | 93% |
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | - | 15 |
| വാർഡുകൾ | - | 23 |
| അങ്കണവാടികൾ | - | 43 |
| ആരോഗ്യസ്ഥാപനങ്ങൾ | - | |
| വീടുകൾ | - | 12836 |
| തുടർ വിദ്യാകേന്ദ്രം | - | 2 |
| ജനസംഖ്യ | - | 45601 |

**ചിറക്കൽ ഗ്രാമ പഞ്ചായത്തിന്റെ 08.02.2023 തീയ്യതിയിലെ 29/2023 നമ്പർ തീരുമാനം**

# പഞ്ചായത്തും അനുബന്ധ സ്ഥാപനങ്ങളും (ഘടന)

**പഞ്ചായത്ത് ഭരണ സമിതി**

**സ്റ്റിയറിംഗ് കമ്മറ്റി**

- **ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**
- **വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**
- **ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**
- **ആരോഗ്യ -വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| **പഞ്ചായത്ത് ഓഫീസ്** | - | **ഗ്രാമപഞ്ചായത്ത് സെക്രട്ടറി** |
| കൃഷി ഓഫീസ് | – | കൃഷി ഓഫീസർ |
| പ്രൈമറി ഹെൽത്ത് സെന്റർ | – | മെഡിക്കൽ ഓഫീസർ |
| ആയുർവ്വേദ ഡിസ്പെൻസറി | – | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| ഹോമിയോ ഡിസ്പെൻസറി | – | മെഡിക്കൽ ഓഫീസർ |
| വെറ്റിനറി ഡിസ്പെൻസറി | – | വെറ്റിനറി സർജൻ |
| അംഗൻവാടികൾ | – | സൂപ്പർവൈസർ(ഐ.സി.ഡി.എസ്.) |
| ഗ്രാമവികസനം | – | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൈമറി വിദ്യാഭ്യാസം | – | പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർ |
| പൊതുമരാമത്ത് | – | അസിസ്റ്റന്റ് എഞ്ചിനിയർ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

ശ്രീ. ടി ഷിബു കരുൺ, (സെക്രട്ടറി)
ശ്രീ. വി എ ജോർജ് (അസി.സെക്രട്ടറി )
ശ്രീമതി. ഹഫ്നിസ മുഹമ്മദ് ഹനീഫ് (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.)
ശ്രീമതി. സ്മിത എസ് പിള്ള, (വെറ്റിനറി സർജൻ)
ശ്രീമതി. ജീജ പി, (മെഡിക്കൽ ഓഫീസർ , ജി.എ.ഡി.)
ശ്രീമതി. ഉമീസ ഇ എം, (കൃഷി ഓഫീസർ)
ശ്രീമതി. നവ്യ വേണുഗോപാലൻ(അസി. എഞ്ചിനിയർ)
ശ്രീ സജിത്ത്, (എച്ച്.എം., ജി എം യു പി സ്കൂൾ)
ശ്രീമതി. ഷബില കെ(ഐ.സി.ഡി.എസ്. സൂപ്പർവൈസർ)
ശ്രീമതി. ബബിത ( .വി.ഇ.ഒ, ചിറക്കൽ സർക്കിൾ)
ശ്രീമതി. സന്ധ്യ വി സി (വി.ഇ.ഒ. കാട്ടാമ്പള്ളി സർക്കിൾ)
ശ്രീ. രാജേഷ് ടി ആർ ( ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ)
ശ്രീമതി ബീന പി പി (ഡയറി എക്സ്റ്റൻഷൻ ഓഫീസർ)

# ചുമതലകൾ
# ഉത്തരവാദിത്തങ്ങൾ
# കടമകൾ
# നിയമങ്ങൾ

# ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ

കേരള പഞ്ചായത്ത്‌രാജ് നിയമം 1994 (പിന്നീട് വന്ന ഭേദഗതികൾ ഉൾപ്പെടെ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട അനിവാര്യ ചുമതലകളെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അനിവാര്യ ചുമതലകൾ എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ഒരു ഗ്രാമപഞ്ചായത്ത് സംവിധാനം ആ പ്രദേശത്തെ പ്രാദേശിക സർക്കാർ എന്നനിലയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വികസനവും ജനങ്ങളുടെ ക്ഷേമവും ഉറപ്പാക്കുന്നതിന് നിർബന്ധപൂർവ്വം നിർവ്വഹിക്കേണ്ട നിയമപരമായി ബാധ്യസ്ഥമായ ചുമതലകൾ എന്നതാണ്. അനിവാര്യ ചുമതലകൾ എന്നത് സൂചിപ്പിക്കുന്നത് മുൻഗണന നൽകി നിർബന്ധപൂർവ്വം നടപ്പിലാക്കേണ്ട പ്രവർത്തികൾ എന്നാണ്. അതായത് ഒരു ഗ്രാമപഞ്ചായത്ത് അതിന്റെ പ്രവർത്തന പരിപാടികൾ രൂപീകരിക്കുമ്പോൾ അനിവാര്യ ചുമതലകളുടെനിർവ്വഹണത്തിനായിരിക്കണം മുഖ്യ ഊന്നൽ നൽകേണ്ടത്.

1. അനധികൃത കെട്ടിട നിർമാണവും ഭൂവിനിയോഗവും നിയന്ത്രിക്കുക
2. പൊതുസ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യാതെ സംരക്ഷിക്കുക.
3. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക.
4. പൊതുകുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക.
5. ഗ്രാമപഞ്ചായത്തിന്റെ ചുമതതലയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക
6. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക. ഖരമാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക
7. പേമാരിമൂലമുണ്ടാകുന്ന വെള്ളം ഒഴുക്കികളയുക
8. പരിസ്ഥിതിയെ ആരോഗ്യ രക്ഷകമാക്കി സംരക്ഷിക്കുക
9. പൊതുമാർക്കറ്റുകൾ പരിപാലിക്കുക
10. സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക
11. മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം എളുപ്പത്തിൽ കേടുവരുന്ന മറ്റു ഭക്ഷ്യ വസ്തുക്കൾ എന്നിവയുടെ വിൽപ്പന നിയന്ത്രിക്കുക
12. ഭക്ഷണശാലകളെ നിയന്ത്രിക്കുക
13. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക
14. റോഡുകളും മറ്റ് പൊതുമുതലുകളും സംരക്ഷിക്കുക
15. തെരുവ് വിളക്കുകൾ കത്തിക്കുകയും പരിപാലിക്കുകയും ചെയ്യുക
16. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക
17. രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പിലാക്കുക
18. ശവ പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
19. അപകടകരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുകയും,നിയന്ത്രിക്കുകയും ചെയ്യുക
20. ജനനവും മരണവും രജിസ്റ്റർ ചെയ്യുക.
21. കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപിക്കുക
22. കടത്തുകൾ ഏർപ്പെടുത്തുക.
23. വാഹനങ്ങൾക്ക് പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക.

24. യാത്രക്കാർക്കായി വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.
25. പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും കളിസ്ഥലങ്ങളും ഏർപ്പെടുത്തുക.
26. മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക.
27. വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക.

## *പൊതുവായ ചുമതലകൾ*

പൊതുവായ ചുമതലകൾ എന്നത് നിർബന്ധപൂർവ്വം നടപ്പിലാക്കേണ്ട അനിവാര്യ ചുമതലകളിൽ നിന്ന് വ്യത്യസ്തമായി നിർദ്ദേശിക്കുന്ന പൊതു സ്വഭാവമുള്ള ചുമതലകളാണ്. അനിവാര്യ ചുമതലകൾക്ക് പുറമേ പഞ്ചായത്ത് കർമ്മ പരിപാടിയിലും പ്രവർത്തനത്തിലും ഊന്നൽ നൽകേണ്ടവയായി ഇവ കണക്കാക്കപ്പെടുന്നു. ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങളുടെ സ്വഭാവം ഉൾക്കൊള്ളുന്ന തരത്തിൽ നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെടുന്നവയാണ് പൊതു ചുമതലകൾ.

1. അവശ്യസ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക.
2. സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുകയും കൂട്ടായ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കുകയും ചെയ്യുക.
3. മിതവ്യയം ശീലിക്കുന്നതിന് പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.
4. മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം സ്ത്രീധനം, സ്ത്രീകളേയും കുട്ടികളേയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെബോധവൽക്കരണം നടത്തുക.
5. വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പു വരുത്തുക.
6. പ്രകൃതി ക്ഷോഭമുണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
7. പരിസ്ഥിതി സംബന്ധിച്ച ബോധവൽക്കരണം നടത്തുക.
8. സഹകരണ മേഖല വികസിപ്പിക്കുക.
9. സാമുദായിക ഐക്യം മെച്ചപ്പെടുത്തുക, സ്പർദ്ധകളുണ്ടാകമ്പോൾ ഇടപെടുക. ഒത്തു തീർപ്പുകൾ രൂപപ്പെടുത്തക, സാമൂഹ്യകൂട്ടായ്മകൾ സംഘടിപ്പിക്കുക.
10. വികസനാവശ്യങ്ങൾക്ക് സൗജന്യമായി ഭൂമി വിട്ടുകൊടുക്കുന്നതുൾപ്പെടെ പണമായോ വസ്തുക്കളായോ പ്രാദേശീകമായി വിഭവസമാഹരണം നടത്തുക.
11. ദുർബല വിഭാഗങ്ങൾക്കിടയിൽ നിയമബോധവൽക്കരണം പ്രചരിപ്പിക്കുക.
12. സാമ്പത്തിക കുറ്റങ്ങൾക്കെതിരെ പ്രചരണം നടത്തുക.
13. പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും സ്വാശ്രയ സംഘങ്ങളും രൂപീകരിക്കുക.
14. പൗരധർമ്മത്തെപ്പറ്റി ബോധവൽക്കരണം നടത്തുക, പൗരന്മാർക്കിടയിൽ അവരുടെ ഉത്തരവാദിത്തങ്ങളേയും കടമകളേയും കുറിച്ചും അവകാശങ്ങളെ കുറിച്ചും ബോധവൽക്കരണം നടത്തുക.

* * * * *

# വിവിധ വിഷയമേഖലാ ചുമതലകൾ

**1. കൃഷി മേഖല**

പരമാവധി ഭൂവിനിയോഗം, തരിശുഭൂമികൃഷിയോഗ്യമാക്കൽ, മണ്ണ് സംരക്ഷണം, ജൈവവള ഉൽപ്പാദനം, കൂട്ടുകൃഷി, കാർഷിക സ്വാശ്രയസംഘം, ഉദ്യാന കഷി, പച്ചക്കറി കൃഷി, കാലിത്തീറ്റ വിത്ത് ഉൽപ്പാദനം,യന്ത്രവൽകൃതകൃഷി കൃഷി എന്നിവ നിർവ്വഹിക്കാൻ തക്കവിധം കൃഷിഭവനുകളുടെ നടത്തിപ്പ്.

**2. മൃഗ സംരക്ഷണം/ക്ഷീരോൽപ്പാദനം:**

കന്നുകാലി വികസനം, പാൽ ഉൽപ്പാദനം, മുട്ടക്കോഴി, ഇറച്ചിക്കോഴി, ആട് എന്നവയുടെ പരിപാലനം, മൃഗരോഗ പ്രതിരോധം, പ്രത്യുൽപ്പാദന ക്ഷമതാ വികസനം, ജന്തുക്കളോടുള്ള ക്രൂരത തടയുക, മൃഗജന്യരോഗങ്ങൾ തടയുക എന്നിവ മുൻ നിർത്തി മൃഗാശുപത്രിയുടെ നടത്തിപ്പ്.

**3. മത്സ്യസമ്പത്ത്:**

ഉൾനാടൻ മത്സ്യസമ്പത്ത് വികസനം, മത്സ്യകുഞ്ഞ് ഉൽപ്പാദനം വിതരണം, മത്സ്യതൊഴിലാളി ക്ഷേമസൗകര്യം എന്നിവ മുൻ നിർത്തിയുള്ള സേവന ചുമതല.

**4. വ്യവസായം**

ഗ്രാമീണ-പരമ്പരാഗത-ചെറുകിട-സൂക്ഷ്മകുടിൽ വ്യവസായ സ്ഥാപനം, സംരംഭകത്വ പ്രോത്സാഹനം, സംരഭക പരിശീലനം, മാർഗ്ഗ നിർദ്ദേശം, പിന്തുണാ സംവിധാനം ഏർപ്പെടുത്തുവാൻ തക്ക ഖാദി-ഗ്രാമീണ വ്യവസായ വികസന ചുമതല.

**5. പാർപ്പിടം:**

ഭവനരഹിതർ, ഭൂരഹിതർ, അതീവ ദരിദ്രർ എന്നിവർക്ക് സുരക്ഷിത പാർപ്പിത സംരംഭം നടപ്പാക്കുക.

**6. ജലവിതരണം:**

ഗ്രാമീണ കുടിവെള്ള വിതരണം, കുടിനീർ സ്രോതസ്സ്, സംരക്ഷണ പരിപാലനം, ജലവിതരണ സംവിധാനത്തിലെ അറ്റകുറ്റപ്പണികൾ എന്നിവയുടെ ചുമതല.

**7. ഊർജ്ജ വിതരണം:-**

തെരുവ് വിളക്കുകളുടെ സ്ഥാപനവും പരിപാലനവും ബദൽ ഊർജ്ജ സ്രോതസ്സുകളുടെ വികസനം, വിനിയോഗം എന്നിവക്കായുള്ള ചുമതല.

**8. വിദ്യാഭ്യാസം**

സർക്കാർ - പ്രീ പ്രൈമിറ,പ്രൈമറി സ്കൂളുകളുടെ നടത്തിപ്പ്, സാക്ഷരതാ പരിപാടി, ഗ്രന്ഥശാലകൾ, വായനശാലകൾ, എന്നിവയുടെ നടത്തിപ്പ്, വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധന

**9. മരാമത്ത് :-**

ഗ്രാമീണ നിരത്തുകളുടെ നിർമ്മാണം പരിപാലനം, പഞ്ചായത്ത് സ്ഥാപനങ്ങളുടെ നിർമ്മാണ നിർവ്വഹണം എന്നീ ചുമതലകൾ.

**10. ജലസേചനം:-**

ഗ്രാമീണ ചെറുകിട ജലസ്രോതസ്സുകളുടെ സംരക്ഷണം, ജലസേചന പദ്ധതി പരിപാലനം, ചെറുനീർത്തട പരിപാലനവും വികസനവും, ജലസംരക്ഷണം പരിപാടികൾ, മലിനജല നിർഗമന സംവിധാനം എന്നിവയുടെ നടത്തിപ്പ്.

11. ആരോഗ്യം ശുചിത്വം:-

എല്ലാ വിഭാഗം ചികിത്സാ രംഗങ്ങളിലേയും പ്രാഥമിക ആരോഗ്യസ്ഥാപനങ്ങൾ, മാതൃ-ശിശു ക്ഷേമ-പരിപാലന കേന്ദ്രങ്ങൾ, രോഗ പ്രതിരോധ-പുനരധിവാസ നടപടികൾ, കുടുംബക്ഷേമ പ്രവർത്തനങ്ങൾ, ശുചിത്വ പരിപാലനം, പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം എന്നിവയുടെ ചുമതല,പകർച്ചവ്യാധികളുടെ വ്യാപനം തടയുക.

**12. സാമൂഹ്യക്ഷേമം :-**

കുട്ടികൾ, അഗതികൾ, വിധവകൾ, വയോജനങ്ങൾ ഭിന്നശേഷിക്കാർ ദരിദ്ര-പീഢിത വിഭാഗങ്ങൾ എന്നിവർക്കുള്ള ക്ഷേമകാര്യ നടപടികൾക്കായുള്ള ചുമതല.

**13. ദാരിദ്ര്യ ദുരീകരണം :-**

ദാരിദ്ര്യ നിർണ്ണയം, ദരിദ്രരെ കണ്ടെത്തൽ, പരമദരിദ്രർ, പ്രാന്തവൽക്കരിക്കപ്പെട്ട സ്ത്രീകൾ തുടങ്ങിയവർക്ക് സുസ്ഥിര ക്ഷേമ-വികസന പരിപാടികൾ ഏർപ്പെടുത്തുക തുടങ്ങിയ ചുമതലകൾ.

**14. പ്രത്യേക വികസന പ്രവർത്തനം :-**

ദളിത് - പിന്നോക്ക വിഭാഗങ്ങൾക്കായുള്ള വികസന ക്ഷേമ നടപടികൾ, വിദ്യാഭ്യാസം, ക്ഷേമ നടപടികൾ, പ്രത്യേക പരിരക്ഷാ നടപടികൾ മുതലായവക്കുള്ള ചുമതല.

**15. കായിക സാംസ്കാരിക മേഖല :-**

സാംസ്കാരിക പരിപോഷണം,കലാകായിക പരിശീലനം, കായിക-കലാപോഷണം, മതനിരപേക്ഷത, ജനാധിപത്യം എന്നിവ പരിപോഷിപ്പിക്കാനുള്ള ചുമതല.

**16. പൊതുവിതരണം :-**

അളവുതൂക്ക കുറ്റങ്ങളുടെ നിയന്ത്രണം, പൊതുവിതരണ ക്രമം, പരിശോധനയും പരാതി പരിഹാരവും, റേഷൻകട, നീതി സ്റ്റോർ, മാവേലിസ്റ്റോർ തുടങ്ങിയവയുടെ മേൽ നോട്ടവും മാർഗ്ഗ നിർദ്ദേശവും, പുതിയ പൊതുവിതരണ കേന്ദ്രം തുറക്കൽ എന്നീ ചുമതലകൾ.

**17. ദുരിതാശ്വാസം :-**

പ്രകൃതിക്ഷോഭങ്ങൾ, കാലാവസ്ഥാവ്യതിയാനം എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരെയും, സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന രോഗികളെയും സഹായിക്കുക

## മറ്റുചുമതലകൾ

**1. നിയമസമാധാന പാലനം :-**

പോലീസിന്റെ സേവനം അനിവാര്യമായ സന്ദർഭങ്ങളിൽ രേഖാമൂലം ആവശ്യപ്പെട്ട് നിയമസമാധാനപാലന സാധ്യത ഉറപ്പിക്കാനുള്ള ചുമതല.

**2. വിവാഹ രജിസ്ട്രേഷൻ:-**

(എ) ഹിന്ദു വിവാഹ നിയമപ്രകാരമുള്ള വിവാഹങ്ങളുടെ രജിസ്ട്രേഷനും ഇതര നിയമങ്ങൾ അനുശാസിക്കുന്ന പക്ഷം പ്രസ്തുത വിവാഹങ്ങളുടെ രജിസ്ട്രേഷനും നടത്തുക, വിവാഹ സർട്ടിഫിക്കറ്റ് നൽകുക.

(ബി) പൊതു വിവാഹ രജിസ്ട്രേഷൻ :- കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ(പൊതു) ചട്ടങ്ങൾ 2008 പ്രകാരം വിവാഹങ്ങളുടെ രജിസ്ട്രേഷൻ നടത്തുക, വിവാഹസർട്ടിഫിക്കറ്റുകൾ നൽകുക.

**3. ഭൂവിനിയോഗം:-**

ഭൂവിനിയോഗ വ്യതിയാനം നിയന്ത്രിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

**4. വനിതാക്ഷേമം :-**

ജാഗ്രതാ സമിതികൾക്ക് രൂപം നൽകി പ്രവർത്തന ക്ഷമമാക്കുക.

**5. വിവരാവകാശം :-**

വിവരാവകാശ ആക്ട് 2005 പ്രകാരം വിവരങ്ങൾ നൽകൽ

**6. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി:-**

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകൽ.

* * * * *

## തനത് ചുമതലകൾ
**(കേരള പഞ്ചായത്ത് രാജ് നിയമം 1994ഉം അതിൻപ്രകാരമുള്ള ചട്ടങ്ങളും)**

- ☐ നിശ്ചിത നിരക്കിൽ നികുതി നിരക്കുകൾ ഏർപ്പെടുത്തുന്നതിനും പിരിച്ചെടുക്കുന്നതിനും നികുതി ഒടുക്കാൻ സൗകര്യപ്പെടുത്തുവാനുള്ള ചുമതല.
- ☐ പൊതുസ്ഥലങ്ങൾ, പൊതുവഴികൾ, പൊതുനീർച്ചാലുകൾ മുതലായവയിലുള്ള അനധികൃത കയ്യേറ്റം , നിയമ വിരുദ്ധ നിർമ്മിതികൾ, തടസ്സങ്ങൾ, ശല്യങ്ങൾ മുതലായവ ഒഴിപ്പിക്കുന്നതിനും നിരോധിക്കുന്നതിനുമുള്ള ചുമതല.
- ☐ പൊതു മാർക്കറ്റുകൾ, വണ്ടിത്താവളങ്ങൾ, ഇറക്കു സ്ഥലങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും പരിപാലിക്കുവാനും ഇക്കാര്യങ്ങളിൽ സ്വകാര്യ സംരംഭങ്ങൾക്ക് അനുമതി നൽകുവാനുമുള്ള ചുമതല.
- ☐ പൊതുകശാപ്പുശാലകൾ സ്ഥാപിച്ചു നടത്തുവാനും സ്വകാര്യ കശാപ്പുശാലകൾക്ക് അനുമതി നൽകുവാനും നിയന്ത്രിക്കുവാനുമുള്ള ചുമതല.
- ☐ വ്യാപാര വ്യവസായ സംരംഭങ്ങൾക്ക് അനുമതി നൽകൽ.
- ☐ പഞ്ചായത്തിന്റെ തനതോ, കൈമാറ്റം ചെയ്യപ്പെട്ടതോ ആയ സ്ഥാവര - ജംഗമ സ്വത്തു വകകൾ സംരക്ഷിച്ച് പരിപാലിക്കുവാനും, മെച്ചപ്പെടുത്തുവാനും, അവ അന്യാധീനപ്പെടുവാനോ നശിച്ചു പോകാനോ ഇടയാക്കാതിരിക്കാനുമുള്ള ചുമതല.
- ☐ ജീവനക്കാർക്കും സ്ഥാപനങ്ങൾക്കും മേലുള്ള നിയന്ത്രണ - നിർവ്വഹണ ചുമതല. രജിസ്റ്ററുകൾ, റെക്കോർഡുകൾ, നോട്ടീസുകൾ എന്നിവ സൂക്ഷിക്കുവാനും പരസ്യപ്പെടുത്തുവാനുമുള്ള ചുമതല.
- ☐ കണക്കുകൾ, ഓഡിറ്റ് റിപ്പോർട്ടുകൾ മുതലായവ സമയബന്ധിതമായി തയ്യാറാക്കുവാനും നില നിർത്തുവാനുമുള്ള ചുമതല.
- ☐ വികസന പദ്ധതികളുടെ രൂപീകരണ നിർവ്വഹണ ചുമതല.
- ☐ ഗ്രാമസഭ, യാഥാർത്ഥ്യവും ഫലപ്രദവും ആക്കാനുള്ള ചുമതല.
- ☐ ഭരണ സുതാര്യത അറിയാനുള്ള അവകാശം, പൗരാവകാശം എന്നിവ പാലിക്കാനുള്ള ചുമതല.
- ☐ പെർഫോമൻസ് ഓഡിറ്റ് ശുപാർശകൾ അനുസരിച്ച് തെറ്റ് തിരുത്തലിനും നഷ്ടോത്തരവാദിത്തം ഈടാക്കാനുമുള്ള ചുമതല.
- ☐ പ്രാദേശിക സർക്കാരുകളുമായി ഫെഡറൽ ഭരണഘടന അനുസരിച്ച് പ്രവർത്തിക്കാനുള്ള ചുമതല.
- ☐ നിയമം അനുശാസിക്കുന്നതും കാലാകാലം ചട്ടപ്രകാരം നിയോഗിക്കപ്പെടുന്നതുമായ വിവിധ കമ്മറ്റികൾ രൂപീകരിക്കുകയും അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുകയും ചെയ്യുക.
- ☐ തദ്ദേശ ഭരണ ട്രിബ്യൂണൽ, ഓംബുഡ്സ്മാൻ എന്നിവയുടെ നീതിന്യായ ഉത്തരവുകൾക്ക് പ്രാബല്യം നൽകുവാനുള്ള ചുമതല.

# ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും

എഴുപത്തിമൂന്നാം ഭരണഘടന ഭേദഗതി നിയമം അനുസരിച്ച് ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാന ഘടകമാണ് ഗ്രാമസഭ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമസഭ എന്നത് കേവലം ഒരു വാർഡ് പ്രദേശത്തെ മുഴുവൻ വോട്ടർമാരുടെയും ജനറൽ ബോഡിയാണ്. ഈ സഭകൾ കേവലം ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ വേദികൾ എന്നതിലുപരി സാമൂഹ്യമായ ഉത്തരവാദിത്തങ്ങളും കടമകളും അധികാരങ്ങളും ഉള്ള സാമൂഹ്യകൂട്ടായ്മകളുടെ വേദികളാണെന്ന് പഞ്ചായത്ത് രാജ് നിയമം വ്യക്തമാക്കുന്നു. പങ്കാളിത്ത ജനാധിപത്യത്തിന്റെ ഭരണഘടനാപരവും നിയമപരവുമായ പ്രത്യക്ഷ വേദികൾ എന്ന നിലയിൽ ഗ്രാമസഭകൾ നിർവ്വഹിക്കേണ്ട ഉത്തരവാദിത്തങ്ങളും ഗ്രാമസഭയുടെ അധികാരങ്ങളും താഴെ നൽകുന്നു.

ഗ്രാമസഭയുടെ അധികാരങ്ങൾ

1. പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക.
2. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കേണ്ട പദ്ധതികളുടെയും വികസന പരിപാടികളുടെയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക.
3. ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ച് (കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ) നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി പഞ്ചായത്തിൽ നൽകുക.
4. പ്രാദേശികമായി ആവശ്യമായ സൗകര്യങ്ങൾ നൽകികൊണ്ട് വികസനപദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായങ്ങൾ ചെയ്ത് കൊടുക്കുക.
5. വികസന പദ്ധതികൾക്ക് ആവശ്യമായ സന്നദ്ധ സേവനവും പണമായോ സാധനമായോ ഉള്ള സഹായങ്ങളും സമാഹരിക്കുകയും ലഭ്യമാക്കുകയും ചെയ്യുക.
6. തെരുവ് വിളക്കുകൾ, തെരുവിലെയോ അല്ലെങ്കിൽ പൊതുവായതോ ആയ വാട്ടർ ടാപ്പുകൾ, പൊതു കിണറുകൾ, പൊതു സാനിറ്റേഷൻ യൂനിറ്റുകൾ, ജലസേചന സൗകര്യങ്ങൾ മറ്റ് പൊതു ആവശ്യ പദ്ധതികൾ ഇവ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുക.
7. ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം തുടങ്ങി പൊതുതാൽപ്പര്യമുള്ള സംഗതികളെ സംബന്ധിച്ച് അറിവ് പകരുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുകയും അഴിമതി, വ്യാജവും, കൃത്രിമവുമായി ഇടപാടുകൾ തുടങ്ങിയ സാമൂഹിക തിൻമകൾക്കെതിരെ സംരക്ഷണം നൽകുകയും ചെയ്യുക.
8. ഗ്രാമസഭയുടെ പ്രദേശത്ത് വിവധ വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്കിയിൽ സൗഹാർദ്ദവും ഐക്യവും വളർത്തുകയും ആ പ്രദേശത്തെ ആളുകളിൽ സദ്മനോഭാവം വളർത്തുന്നതിനായി സാംസ്കാരിക കലാ-കായിക മേളകൾ സംഘടിപ്പിക്കുകയും ചെയ്യുക.
9. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃകമ്മറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക.
10. സർക്കാരിൽ നിന്നും ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധതരം ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കുകയും ഗുണഭോക്തൃ പട്ടിക തയ്യാറാക്കുകയും ചെയ്യുക.
11. ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച് വിശദമായ എസ്റ്റിമേറ്റുകളുടെ വിവരങ്ങൾ ശേഖരിക്കുക.
12. ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റെയും യുക്തി അറിയുക.

13. ഗ്രാമസഭയുടെ പ്രദേശത്ത് സംബന്ധിച്ച് എടുത്തിട്ടുള്ള തുടർ നടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയുക.

14. ശുചീകരണ പ്രക്രിയകളിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുമായി സഹകരിക്കുകയും ചപ്പു ചവറുകൾ നീക്കം ചെയ്യുന്നതിന് സന്നദ്ധസേവനം നൽകുകയും ചെയ്യുക.

15. ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾകണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

16. ഗ്രാമസഭയുടെ പ്രദേശത്തെ സ്കൂളുകളിലെ അധ്യാപക രക്ഷാകർതൃ സംഘടനകളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക.

17. ഗ്രാമസഭയുടെ പ്രദേശത്തെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് രോഗപ്രതിരോധത്തിലും കുടുംബക്ഷേമ പ്രവർത്തനങ്ങളിലും സഹായിക്കുക.

18. പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിനെ കുറിച്ചോ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിനെ കുറിച്ചോ യോഗത്തിൽ ചർച്ച നടത്തി അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കുക.

19. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകുന്ന അതാതു ഗ്രാമസഭാ പ്രദേശത്തുള്ള അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകരെ കൂടി ക്ഷണിച്ചുകൊണ്ടുള്ള യോഗത്തിൽ വെച്ച് ഗ്രാമസഭ സൂക്ഷ്മ പരിശോധന നടത്തി, മുൻഗണനാ ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയക്കുക.

## *ഗ്രാമസഭയുടെ ഉത്തരവാദിത്തങ്ങൾ*

1. വികസനവും ക്ഷേമവും സംബന്ധിച്ച പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുക.

2. ആരോഗ്യവും സാക്ഷരതയും സംബന്ധിച്ചതും അത്പോലുള്ള വികസനപരമായ മറ്റ്സമയബന്ധിത പരിപാടികളിലും പങ്കെടുക്കുകയും അതിനായി പ്രചാരണം നടത്തുകയും ചെയ്യുക.

3. അവശ്യ സാമൂഹ്യ – സാമ്പത്തിക അടിസ്ഥാന രേഖകൾ ശേഖരിക്കുക.

4. വികസന പ്രവർത്തനങ്ങളുടെ പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുക.

5. നികുതികൾ നൽകുന്നതിനും, വായ്പ തിരിച്ചടക്കുന്നതിനും പരിസ്ഥിതി ശുചീകരണം മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിൽ ഐക്യം നിലനിർത്തുന്നതിനുമായി ധാർമ്മിക മാർഗ്ഗങ്ങൾ അവലംബിക്കുക.

6. പഞ്ചായത്തിന്റെ ധനാഗമന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പ്രാദേശികപരമായി വിഭവ സമാഹരണം നടത്തുക.

7. സന്നദ്ധസംഘടനകളെന്ന നിലയിൽ നടത്തുന്ന വികസനപ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക.

8. സാംക്രമിക രോഗങ്ങൾ, പ്രകൃതി ക്ഷോഭദുരന്തങ്ങൾ മുതലായവ ഉണ്ടായാൽ പെട്ടെന്ന് വിവരം നൽകുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

## പൗരധർമ്മവും ഉത്തരവാദിത്തങ്ങളും

ഭരണ വ്യവസ്ഥയിലെ പങ്കാളി എന്ന നിലക്ക് പൗരർക്ക് അവകാശങ്ങൾ ഉണ്ട്. അവ നിശ്ചിതവും കൃത്യവും ആയി ലഭിക്കും എന്ന് ഉറപ്പാക്കേണ്ടതുണ്ട്. അതിന് വിരുദ്ധമായി പ്രവർത്തനങ്ങൾ തടയുകയും ഉത്തരവാദിത്ത പൂർണ്ണമായ പൗരാവകാശപാലനം നടപ്പാക്കുകയും ചെയ്യണം.

എന്നാൽ സമൂഹത്തോടും രാഷ്ട്രത്തോടും ചില കടമകളും ഉത്തരവാദിത്തങ്ങളും നിറവേറ്റാൻ പൗരർക്ക് ചുമതലയുണ്ട്. പൗരധർമ്മങ്ങൾ എന്ന് ഇതിനെ ചുരുക്കത്തിൽ പറയാം. സ്വയമേവ പാലിക്കുകയാണ് ഉത്തമ പൗരന്റെ കടമ.

**ഇന്ത്യൻ ഭരണഘടന – അനുഛേദനം 51 എ (1976)**

- ഭരണ ഘടന രാഷ്ട്രത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ ഇവയോട് ആദരവും അനുസരണയും

  പ്രകടമാക്കുക, അനാദരവും ലംഘനവും നടത്താതിരിക്കുക. ദേശീയ സ്വാതന്ത്ര്യപോരാട്ടത്തിന്റെ മൂല്യങ്ങൾ പരിപോഷിപ്പിക്കുക.
- പൊതുമുതലുകൾ സംരക്ഷിക്കുകയും പരിപാലിക്കുകയും നശിപ്പിക്കാതിരിക്കുകയും ചെയ്യുക.
- ചരിത്ര – സാംസ്കാരിക സമ്പത്തുകൾ പരിപാലിക്കുക.
- പ്രകൃതി സമ്പത്ത്, വന്യജീവികൾ, പരിസ്ഥിതി എന്നിവ പരിരക്ഷിക്കുകയും നഷ്ടപ്പെടാതെ സൂക്ഷിക്കുകയും ചെയ്യുക.
- സ്ത്രീ പദവിയും അന്തസും സംരക്ഷിക്കുകയും ഉയർത്തുകയും സ്ത്രീവിരുദ്ധ നടപടികളെ ചെറുക്കുകയും ചെയ്യുക.
- അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ചെറുക്കുകയും ശാസ്ത്രാഭിരുചിയും

  ശാസ്ത്രാവബോധവും മാനവികതയും വളർത്തുകയും വ്യക്തിഗതവും സാമൂഹ്യവുമായ അനവദ്യതയിലേക്ക് ഉയരുകയും ചെയ്യുക.
- രാഷ്ട്രത്തിന്റെ പരമാധികാരം, ഐക്യം, അഖണ്ഡത എന്നിവ ഉയർത്തിപ്പിടിക്കുകയും

  മതസമുദായസൗഹൃദവും പരസ്പര സാഹോദര്യവും വളർത്തുകയും, അനിവാര്യ ഘട്ടത്തിൽ രാഷ്ട്രസേവനത്തിന് സന്നദ്ധരാവുകയും ചെയ്യുക.

**പഞ്ചായത്ത് രാജ് നിയമം (1994, 1999)**

1994–ലെ പഞ്ചായത്ത് രാജ് നിയമം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്റെ/

പൗരയുടെ കടമകളും ഉത്തരവാദിത്തങ്ങളും നിർവ്വചിച്ചിട്ടുണ്ട്. ഒരു പഞ്ചായത്തിലെ പൗരർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന ഓരോ വ്യക്തിയും താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കാൻ ബാധ്യസ്ഥരാണ്.

- ഗ്രാമസഭയിൽ പങ്കെടുക്കുക, തദ്ദേശഭരണ പ്രക്രിയയിൽ നേരിട്ട് പങ്ക് വഹിക്കുക. അതിലൂടെ ക്രിയാത്മക ജനാധിപത്യം സാർത്ഥമാക്കുക.
- നികുതിവെട്ടിപ്പ് തടയുകയും കൃത്യമായി നികുതി–നിരക്കുകൾ ഒടുക്കി തദ്ദേശസ്ഥാപനത്തിന്റെ

  തനത് വരുമാനം ഉറപ്പാക്കുകയും ചെയ്യുക. നികുതി നൽകുന്നതിൽ കൃത്രിമമോ ഒഴിവുകഴിവോ ഒഴിവാക്കുക.
- വികസന പ്രവർത്തനത്തിൽ പഞ്ചായത്തിനെ സഹായിക്കുക. വ്യക്തിഗതവും ഭൗതികവും സാമ്പത്തികവുമായ വിഭവസമാഹരണത്തിനും അദ്ധ്വാനത്തിനും സഹായിക്കുക.
- ആസൂത്രണ – നിർവ്വഹണ – വിലയിരുത്തലിൽ സ്വയം പങ്കാളികളാകുക.

- പൊതുശല്യം, പൊതുജീവിതത്തിന് വിഘാതം, പൊതുസ്ഥലത്ത് മാലിന്യ നിക്ഷേപം മുതലായവയ്ക്ക് ഇടയാക്കിതിരിക്കുകയും അവയ്ക്കെതിരെ ജാഗ്രത പാലിക്കുകയും ചെയ്യുക.
- ശുചിത്വം, രോഗപ്രതിരോധം പോഷകാഹാര വിതരണം, സാക്ഷരത, നിയമബോധനംതർക്ക പരിഹാര പ്രക്രിയ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ പഞ്ചായത്തിനോട് സഹകരിക്കുക.
- സാമൂഹ്യ ഓഡിറ്റ് പ്രക്രിയ സാർത്ഥകമാക്കാൻ ശ്രമിക്കുക.
- മൗലീകവാദത്തിനും വിഭാഗീയതകൾക്കുമെതിരെ സാമൂഹ്യഐക്യത്തിനും പങ്കാളിത്ത വികസന പ്രക്രിയക്കും സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- അഴിമതി, ദുർഭരണം എന്നിവയ്ക്കെതിരെ നിയമപ്രകാരമുള്ള ജാഗ്രത പാലിക്കുക. തദ്ദേശഭരണം ജനാധിപത്യപരമായി പുലരാനുള്ള സാധ്യതകൾ ഉറപ്പാക്കുക.
- പ്രകൃതിവിഭവങ്ങൾ, പൊതുഗതാഗത സംവിധാനം, ഊർജ്ജ വിതരണ സംവിധാനം, പൊതുശുചിത്വ

  സംവിധാനം മുതലായവ പരിപാലിക്കുന്നതിൽ സഹകരിക്കുകയും ദുരുപയോഗവും, ചൂഷണവും നടത്താതിരിക്കുകയും ചെയ്യുക.
- മിതവ്യയശീലം പ്രചരിപ്പിക്കുകയും പാലിക്കുകയും ആഡംബരവും അതിഭോഗവും ഒഴിവാക്കുകയും ചെയ്യുക.
- സ്വാശ്രയ പ്രവർത്തന സംഘാടനവും പങ്കാളിത്തവും ഉറപ്പാക്കുക.
- മദ്യപാനം, മയക്കു മരുന്ന്, സ്ത്രീധനം, സ്ത്രീപീഡനം, ബാലാധ്വാനം, പിന്നോക്കവിഭാഗക്കാർക്കെതിരെയുള്ള പ്രവർത്തനം മുതലായ സാമൂഹ്യതിന്മകൾക്കെതിരെ അണിനിരക്കുക.
- പരിസ്ഥിതി ബോധവൽക്കരണത്തിൽ പങ്കാളികളാകുക. പരിസ്ഥിതി സന്തുലനം ഉറപ്പാക്കുക.
- സ്ഥിതിവിവര കണക്കുകളുടെ കൃത്യമായ ശേഖരണം, സമാഹരണം, ക്രോഡീകരണം, എന്നിവയിൽ
  സഹകരിക്കുക. തെറ്റായ വിവരങ്ങൾ നൽകാതിരിക്കുകയും നൽകുന്നതിനെ ചെറുക്കുകയും ചെയ്യുക.
- പ്രകൃതിദുരന്ത ബാധിതരെ സംരക്ഷിക്കുവാൻ സഹായിക്കുക.
- സഹകരണ – സമ്പാദ്യ ശീലങ്ങൾ വളർത്തുക.
- വികസനാവശ്യത്തിന് ഭൂമി വിട്ടുകൊടുക്കുകയും പൊതുഭൂമി അനധികൃതമായി

  കൈവശപ്പെടുത്താതിരുക്കുകയും ചെയ്യുക.
- അയൽക്കൂട്ടം. സ്വയം സഹായ– പരസ്പരസഹായം സംരംഭങ്ങൾ സംഘടിപ്പിക്കുക.
- പൊതുസ്ഥലത്തും നിരത്തുകളിലും തുപ്പുക, മലമൂത്ര വിസർജ്ജനം നടത്തുക, മദ്യപിക്കുക, പുകവലിക്കുക തുടങ്ങിയ സമൂഹ വിരുദ്ധ പെരുമാറ്റങ്ങൾ ഒഴിവാക്കുക.
- മൃഗങ്ങളെ പൊതുസ്ഥലത്ത് വെച്ച് പരസ്യമായി കശാപ്പ് ചെയ്യാതിരിക്കുക. മാംസം,

  മാംസാവശിഷ്ടങ്ങൾ എന്നിവ തുറസസായി വെച്ചും അറപ്പുളവാക്കുന്ന വിധത്തിൽ പ്രദർശിപ്പിച്ചും വിൽപ്പന നടത്താതിരിക്കുക.
- ഓമനമൃഗങ്ങൾ, വളർത്തുമൃഗങ്ങൾ, പക്ഷികൾ എന്നിവയ്ക്ക് കൃത്യവും അനിവാര്യവുമായ കുത്തിവെയ്പ്പുകൾ എടുപ്പിക്കുകയും ലൈസൻസ് എടുക്കുകയും ചെയ്യുക.
- നിയമ–ചട്ട വ്യവസ്ഥകൾ പാലിക്കുകയും, ലംഘിക്കാതിരിക്കുകയും ലംഘിക്കുന്നതിന് പ്രേരണയോ

  സഹായമോ നൽകാതിരിക്കുകയും ചെയ്യുക.
- സ്ത്രീ–പുരുഷ തുല്യതയും നീതിയും പരിപാലിക്കുക. അതിനു തക്ക പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.
- ഇത്തരം പൗരധർമ്മങ്ങളെപ്പറ്റി ബോധവൽക്കരണം ഉറപ്പാക്കുക.

## തദ്ദേശ സ്വയംഭരണ ഓംബുഡ്സ്മാൻ

ഓംബുഡ്സ്മാൻ എന്നത് കാര്യനിർവ്വഹണ വിഭാഗത്തിലെ സ്വതന്ത്രവും നിക്ഷ്പക്ഷവും ആയ അർദ്ധനീതിന്യായ പരാതി പരിശോധന–പരിഹാര സംവിധാനമാണ്. കേരള പഞ്ചായത്ത് രാജ് നിയമം അധ്യായം 25–ബിയിലെ 271എഫ് മുതൽ 271–ആർ വരെ വകുപ്പികളിലായി ഓംബുഡ്സ്മാന്റെ ഘടന, പദവി, പ്രവർത്തനം എന്നിവ വ്യവസ്ഥ ചെയ്യുന്നു. ഇതിന് പൂരകമായ ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്.

**ലക്ഷ്യം**

തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുസേവകർ എന്നിവരുടേയും അഴിമതി, ദുർഭരണം, നിയമക്രമരാഹിത്യം എന്നിവ ഉൾപ്പെടെ ഉന്നയിക്കപ്പെടുന്ന ഏത് നടപടിയിലും ആരോപണമോ, ആക്ഷേപമോ, പരാതിയോ ഉണ്ടായാൽഅന്വേഷണം നടത്താനും തീർപ്പാക്കാനും പ്രായോഗിക പരിഹാരം നടപ്പാക്കാനും വേണ്ടിയാണ് ഓംബുഡ്സ്മാൻ സ്ഥാപിതമായിട്ടുള്ളത്.

**പൊതുസേവകർ**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, ജീവനക്കാർ, പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ, അംഗങ്ങൾ, കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ജീവനക്കാരും ഉൾപ്പെടെയുള്ളവർ.

**നടപടി**

തദ്ദേശഭരണ സ്ഥാപനത്തെ ഭാരമേൽപ്പിച്ചതോ, കൈമാറിയതോ ആയ വിഷയങ്ങളിലെ തീരുമാനമോ, ശുപാർശയോ, പ്രമേയമോ, നിഗമനമോ ആയ ചുമതലാ നിർവ്വഹണ കൃത്യം, കൃത്യവിലോപം, ഉപേക്ഷാപൂർവ്വമായ വീഴ്ച എന്നിവയോ പ്രവർത്തനാരാഹിത്യമോ ഉൾപ്പെടെയുള്ളവ.

**ആരോപണം**

- പൊതുസേവകർ തനിക്കോ മറ്റൊരാൾക്കോ നേട്ടമോ ആനുകൂല്യമോ ലഭിക്കാൻ വേറെ ഒരാൾക്ക് അനാവശ്യ ഉപദ്രവമോ, നഷ്ടമോ ഇടയാകും വിധം തന്റെ സ്ഥാപനമോ അധികാരമോ ഉപയോഗിക്കുക.
- വ്യക്തിപരമായദുരുപദിഷ്ടമോ, സ്വാർത്ഥപരമോ ആയ ലക്ഷ്യത്തോടെ ചുമതല നിർവ്വഹിക്കുക. അഴിമതി, സ്വജനപക്ഷപാതം, വഞ്ചന, അസത്യപ്രസ്താവം എന്നിവ ചെയ്യുക.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ സ്വത്തോ ധനമോ തന്റെ നടപടി ദൂഷ്യമോ, ഉപേക്ഷയോ, വീഴ്ചയോ , ദുർവിനിയോഗമോ മൂലം നഷ്ടം വരുത്തുക.
- തദ്ദേശഭരണ സ്ഥാപനം നിയമാനുസൃതം നിക്ഷിപ്ത കർത്തവ്യങ്ങൾ നിറവേറ്റാതിരിക്കുക, ചട്ടവിരുദ്ധമായി പ്രവർത്തിക്കുക, നിർവ്വഹണത്തിൽ വീഴ്ചയോ, കൃത്യവിലോപമോ സംഭവിക്കുക, അമിതാധികാരമോ അധികാരദുർവിനിയോഗമോ ചെയ്യുക.
- യുക്തിരഹിതവും അന്യായവും ദുസ്സഹവും പക്ഷപാതവും അവിഹിതവും ആയനേട്ടമോ നഷ്ടമോ സൃഷ്ടിക്കും വിധമോ അനർഹമായ ആനുകൂല്യം ലഭിക്കാനോ വേണ്ടിയുള്ള നടപടി.
- തീരുമാനം എടുക്കുന്നതിലും നടപ്പാക്കിക്കുന്നതിലും മനപ്പൂർവ്വമായ വീഴ്ചയോ, ഉപേക്ഷയോ അമിതകാലതാമസമോ ക്രമരാഹിത്യമോ സംഭവിക്കുക.
- പാഴ്ചെലവിനും നഷ്ടത്തിനും ദുരുപയോഗത്തിനും ഇടയാക്കുക എന്നിവയെല്ലാം ദുർഭരണം

  എന്നതിൽപെടും.

**പരാതി**

തദ്ദേശഭരണ സ്ഥാപനമോ, ഉദ്യോഗസ്ഥനോ, പൊതുസേവകനോ ദുർഭരണമോ അഴിമതിയോ ക്രമവിരുദ്ധ പ്രവർത്തനമോ നടത്തി എന്ന് ആരോപിക്കുന്ന രേഖാമൂലമായ ആക്ഷേപം.

**പരാതിക്കാരൻ**

സാധാരണ പൗരൻ, ഉദ്യോഗസ്ഥൻ, രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകൻ എന്നിവരിൽ ആർക്കും പരാതി ഉന്നയിക്കാം.

**സ്വമേധയാ പരാതി പരിഗണിക്കുക**

മാധ്യമങ്ങളിലൂടെയോ നേരിട്ടോ ലഭിക്കുന്ന വിവരം അടിസ്ഥാനമാക്കി ഓംബുഡ്സ്മാൻ സ്വമേധയാ അന്വേഷണ നടപടി ആരംഭിക്കാം.

**അന്വേഷണ ഉദ്യോഗസ്ഥൻ**

ഡി.ഐ.ജി. പദവിയിലുള്ള പോലീസ് ഉദ്യോഗസ്ഥന്റെ ചുമതലയിൽ സംസ്ഥാനത്ത് നിലവിലുള്ള ഏതൊരു അന്വേഷണ സംവിധാനത്തിന്റെ സേവനവും ഓംബുഡ്സ്മാന് ആവശ്യാനുസരണം വിനിയോഗിക്കാം.

**ഫീസ്**

10 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചുവേണം ഓംബുഡ്സ്മാന് മുമ്പാകെ പരാതികൾ സമർപ്പിക്കുന്നത്.

**ചുമതലകൾ**

- പരാതിയിന്മേലോ സ്വമേധയാ ആരംഭിച്ച നടപടിയിലോ സർക്കാർ നിയോഗിച്ച വിഷയത്തിലോ സൂക്ഷ്മാന്വേഷണം നടത്തുക
- തദ്ദേശസ്വയംഭരണ സ്ഥാപനം, ഉദ്യോഗസ്ഥർ, പൊതുസേവകർ ഇവരുടെ അഴിമതി, ദുർഭരണം ക്രമരാഹിത്യം എന്നിവ സംബന്ധിച്ചുള്ള ആരോപണങ്ങളിൽ യുക്തമായ അന്വേഷണം നടത്തുക.
- പരാതിയോ ആരോപണമോ സ്ഥാപിക്കപ്പെട്ടാൽ വ്യവസ്ഥാപിതമായ പരിഹാരതീർപ്പുകൾ നൽകുക.

**പരിഹാര നടപടികൾ**

- ആരോപിക്കപ്പെട്ട വിഷയം ക്രിമിനൽ നിയമ പരിധിയിൽപ്പെടും എങ്കിൽ യുക്തമായ വിചാരണക്ക് ഉചിതമായ അധികാരസ്ഥാപനത്തിന് അയച്ചുകൊടുക്കുക.
- പൗരനോ സ്ഥാപനത്തിനോ സംഭവിച്ച നഷ്ടത്തിന് യുക്തമായ നഷ്ടോത്തരവാദിത്തം ഈടാക്കുക.
- തദ്ദേശഭരണ ഫണ്ടിൽ നിന്ന് ധൂർത്തോ നഷ്ടമോ ഉണ്ടായാൽ നഷ്ടപരിഹാരം ഈടാക്കുക. നിഷ്ക്രിയത്വം, കൃത്യവിലോപം, കാലതാമസം എന്നിവയോ ക്രമക്കേടോ ഉണ്ടായാൽ യൂക്തമായ പരിഹാര നിർദ്ദേശം നൽകുക.
- അന്തിമ തീർപ്പിന് സമയം കൂടുതൽ ആവശ്യമെങ്കിൽ സ്വീകാര്യമായ ഇടക്കാല ഉത്തരവ് നൽകക. അനിവാര്യ ഘട്ടങ്ങളിൽ പിഴശിക്ഷ നടപ്പാക്കുക.
- പരാതി നിലനിൽക്കാത്തതെന്ന് കണ്ടാൽ ചെലവും നഷ്ടപരിഹാരവും നൽകിതീർപ്പാക്കുക.

**അധികാരങ്ങൾ**

- ആക്ഷേപവും പരാതിയും സ്വീകരിക്കുക
- ലഭിച്ച പരാതിയിലിന്മേലോ, സ്വമേധയാ തന്നെയോ അന്വേഷണം നടത്തിക്കുക.
- കക്ഷികളേയോ സാക്ഷികളേയോ വിളിച്ചു വരുത്തുകയോ തെളിവെടുക്കുകയോ ചെയ്യുക.
- രേഖകളോ പ്രമാണമോ ഹാജരാക്കാൻ ആവശ്യപ്പെടുകയോ പരിശോധിക്കുകയോ ചെയ്യുക.
- നിയമാനുസൃതമായ ഇതരചുമതലകൾ
- പ്രഥമദൃഷ്ട്യാ പരാതിയിൽ കഴമ്പുണ്ടെന്ന് തെളിഞ്ഞാൽ വിശദമായ അന്വേഷണം നടത്തിക്കുക.
- വാർഷിക റിപ്പോർട്ട് സർക്കാറിന് സമർപ്പിക്കുക.
- ലളിത നടപടി ക്രമത്തിലൂടെയും നേരിട്ടുള്ള വെളിപ്പെടുത്തലുകളിലൂടെയും നിർദ്ദിഷ്ട നടപടി ക്രമങ്ങളെ ആശ്രയിച്ച് തീർപ്പുകൾ എടുക്കുക.
- നഷ്ടപരിഹാരം റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുക.

## തദ്ദേശഭരണ ട്രിബ്യൂണൽ

തദ്ദേശ ഭരണ സ്ഥാപനങ്ങൾ എടുക്കുന്ന ഭരണപരവും നിയന്ത്രണപരവുമായ തീരുമാനങ്ങൾക്ക് മേലുള്ള അപ്പീലോ റിവിഷനോ പരിഗണിക്കുന്നതിനും തീർപ്പാക്കുന്നതിനും വേണ്ടിയുള്ള സ്ഥാപനം. ഓരോ റവന്യൂ ജില്ലക്കും വേണ്ടിയോ അതിലധികം ജില്ലകൾക്ക് വേണ്ടിയോ ജില്ലാ ജഡ്ജി പദവിയിലുള്ള ഉദ്യോഗസ്ഥരെ ട്രിബ്യൂണലായി നിയമിക്കുന്നു. ട്രിബ്യൂണലിന്റെ മുമ്പാകെ നടക്കുന്ന ഏതൊരു നടപടിയും നീതിന്യായ നടപടിയായി കരുതപ്പെടും. സമൻസ് പുറപ്പെടുവിച്ച് കക്ഷികളേയും സാക്ഷികളേയും വിളിച്ചു വരുത്താനും തെളിവെടുക്കാനും വാറണ്ട് പുറപ്പെടുവിച്ച് നിർബന്ധിത ഹാജർ ഉറപ്പാക്കാനും രേഖകളും പ്രമാണങ്ങളും പരിശോധിക്കാനും സത്യവാങ്മൂലങ്ങൾ തെളിവായി സ്വീകരിക്കാനും കമ്മീഷൻ മുഖേന തെളിവെടുക്കാനും വിധിതീർപ്പാക്കാനും ഈ ട്രിബ്യൂണലിന് അധികാരമുണ്ട്.

തീരുമാനങ്ങൾ സ്റ്റേ ചെയ്യാനോ, യുക്തമായ നിർദ്ദേശങ്ങൾ നൽകാനോ ഉപദേശം നൽകാനോ പുന:പരിശോധനക്ക് നിർദ്ദേശിക്കാനോ, തിരുത്താനോ ട്രിബ്യൂണലിന് അധികാരമുണ്ടായിരിക്കും. സെക്രട്ടറിയോ, സ്ഥാപനം കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപന അധികാരിയോ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, പ്രസിഡണ്ട് ചെയർമാൻമാർ എന്നിവരുടെ തീർപ്പുകൾ, പഞ്ചായത്തിൽ സമർപ്പിക്കുന്ന അപ്പീലുകളിന്മേലുള്ള തീർപ്പിന്മേൽ സമർപ്പിക്കപ്പെട്ട അപ്പീൽ അപേക്ഷ നിശ്ചിതകാലയളവിനുള്ളിൽ പഞ്ചായത്ത് പരിഗണിക്കാതിരിക്കുമ്പോൾ, നികുതി, ഫീസ്, കരം, ചുങ്കം മുതലായവയുടെ നിർണ്ണയം. പിരിച്ചെടുക്കൽ, പിഴ എന്നിവ സംബന്ധിച്ചുള്ള ഹരജികൾ ട്രിബ്യൂണലിന് മുമ്പാകെ സമർപ്പിക്കാവുന്നതാണ്. ബന്ധപ്പെട്ട വിഷയത്തിൽ നോട്ടീസ് ലഭിച്ച് 30 ദിവസത്തിനകം അപ്പീൽ/റിവിഷൻ ഹർജി ഫയലിലാക്കണം. 60 ദിവസത്തിനകം സാധാരണ ഗതിയിൽ തീർപ്പാക്കുകയും ചെയ്യണം.

2004 ഫെബ്രുവരി 7-ന് പുറപ്പെടുവിച്ച (സ.ഉ.(അ) നമ്പർ 52/2004/തസ്വഭവ) സർക്കാർ ഉത്തരവ് കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കെതിരായ അപ്പീലോ, റിവിഷനോ പരിഗണിക്കുന്നതിനും തീർപ്പാക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലാകൾക്കും വേണ്ടി ട്രിബ്യൂണലാണ് നിയമിക്കപ്പെട്ടിരിക്കുന്നത്. ഇപ്പോൾ തിരുവനന്തപുരം കേന്ദ്രമാക്കിയാണ് ഒരു ട്രിബ്യൂണൽ നിയമിക്കപ്പെട്ടിട്ടുള്ളത്. മൂന്ന് വർഷമാണ് നിയമന കാലാവധി, ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ മുൻസിപ്പാലിറ്റി, അവയുടെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, അവയുടെ സെക്രട്ടറി എന്നിവരുടെ നടപടി, തീരുമാനം, ഉത്തരവ് എന്നിവക്കെതിരായ അപ്പീലോ റിവിഷനോ ആണ് പരിഗണിക്കപ്പെടുക. നിയമപ്രകാരം ചുമതലപ്പെട്ടവർ സമയബന്ധിതമായി തീരുമാനം എടുക്കാത്തത് സംബന്ധിച്ച് ഹരജിയും ട്രിബ്യൂണലിന് പരിഗണിക്കാം.

ബന്ധപ്പെട്ട ഉത്തരവ്/നോട്ടീസ് തീയ്യതി മുതൽ 30 ദിവസത്തിനകമോ തദ്ദേശഭരണ സ്ഥാപനത്തിൽ പ്രാഥമിക അപ്പീൽ നൽകി 60 ദിവസത്തിനകമോ തീർപ്പ് ലഭിക്കാത്ത പക്ഷം 90 ദിവസത്തിനുള്ളിലോ ട്രിബ്യൂണലിന് മുമ്പാകെ അപ്പീൽ/റിവിഷൻ ഹർജി ഫയലാക്കണം. കാലതാമസം യുക്തമായ കാരണത്താൽ ഇളവുചെയ്തു കൊടുക്കാൻ ട്രിബ്യൂണലിന് അധികാരമുണ്ട്. ന്യൂനതയുള്ള ഹർജികൾ 15 ദിവസത്തിനകം ന്യൂനത പരിഹരിച്ച് സമർപ്പിക്കണം. ഹരജി നേരിട്ടോ രജിസ്ട്രേഡ് തപാൽ വഴിയോ സമർപ്പിക്കാവുന്നതാണ്. 50 രൂപ ഹർജി ഫീസായി അടച്ചുവേണം പരാതി സമർപ്പിക്കാൻ.

### *താഴെ കൊടുക്കുന്ന അധികാരങ്ങൾ ട്രിബ്യൂണലിന് ഉണ്ടായിരിക്കും.*

- ഹരജികൾക്ക് കൈപ്പറ്റ് രസീത് നൽകുക.
- യുക്തമായ കാരണങ്ങളാൽ ഹർജി നടപടിക്കുമേൽ സ്റ്റേ ചെയ്യുക.
- എതിർ കക്ഷിക്ക് നോട്ടീസ്
- സാക്ഷികളേയും കക്ഷികളേയും വിളിച്ചു വരുത്തുക, വിചാരണ ചെയ്യുക, രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടുക, രേഖകൾ പരിശോധിക്കുക.
- ട്രിബ്യൂണൽ ഓഫീസ് ബന്ധപ്പെട്ട സ്ഥാപന ഓഫീസ്, നിർണ്ണയിക്കപ്പെടുന്ന സ്ഥലം എന്നിവിടങ്ങളിൽ ഒരിടത്ത് വെച്ച് നടപടികൾ നിർവ്വഹിക്കാം.
- ട്രിബ്യൂണലിന്റെ ഉത്തരവ് രേഖാമൂലമുള്ളതും നീതിന്യായ നടപടിക്ക് വിധേയമായി അന്തിമവും ആയിരിക്കും.

നടപടി ക്രമം തിരുത്തുക. ഉത്തരവിലെ തെറ്റു തിരുത്തുക, തീരുമാനമോ നടപ്പാക്കലോ സ്റ്റേ ചെയ്യുക, പുതിയ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുക, തദ്ദേശഭരണ ഉത്തരവ് റദ്ദാക്കുക എന്നീ നടപടികൾ സ്വീകരിക്കാവുന്നതാണ്.

നികുതി നിർണ്ണയം, ഈടാക്കൽ, അനുമതി പത്രം നൽകൽ, രജിസ്ട്രേഷൻ നടപടി, ശുദ്ധജല വിതരണം, തെരുവ് വിളക്കുകൾ കത്തിക്കൽ, പ്രാഥമിക ശുചിത്വ സൗകര്യങ്ങൾ പാലിക്കൽ, മാലിന്യ നിർമ്മാർജ്ജനം, പൊതുമുതൽ സംരക്ഷണം, പൊതുതെരുവ് വിളക്കുകൾ തെളിയിക്കുക, കെട്ടിടനിർമ്മാണ നിയന്ത്രണം, പുറമ്പോക്ക് പതിച്ച് നൽകൽ, ഹാനികരമായ കൃത്യങ്ങൾ ചെയ്യുക, പൊതുശല്യ ഉറവിടങ്ങളിൽ നിയന്ത്രണം, ഹാനികരമായ കൃഷികൾ, പൊതുജലസംഭരണി, മൃഗപരിപാലനം, നിയന്ത്രണം, കശാപ്പ്, ചന്തപ്പിരിവ് പാലനം, വണ്ടിതാവളങ്ങൾ, ഇറക്കു സ്ഥലങ്ങൾ, കടത്തുകൾ, ശ്മശാനങ്ങൾ മുതലായവയുടെ പാലനവും നിർവ്വഹണവും, രോഗപ്രതിരോധം മുതലായ സംബന്ധിച്ചുള്ള പരാതികൾ അപ്പീൽ/റിവിഷൻ എന്നിവയിലൂടെ സമർപ്പിക്കാവുന്നതാണ്.

# അറിയാനുള്ള അവകാശം

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഭരണപരമോ, വികസനപരമോ, നിയന്ത്രണപരമോ ആയ ചുമതലകൾ സംബന്ധിച്ച വിജ്ഞാപ്യത രേഖകൾ ഒഴികെ ഏതൊരുവിവരവും വസ്തുതയും, രേഖകളോ പ്രമാണങ്ങളോ അറിയാനും പകർപ്പെടുക്കുവാനും പൗരന്മാർക്കുള്ള അവകാശം, കേരള പഞ്ചായത്ത് രാജ് നിയമം(1994) അദ്ധ്യായം 25എ, വകുപ്പുകൾ 271എ, ബി, സി എന്നീ വകുപ്പുകളും അനുബന്ധ ചട്ടങ്ങളും പ്രകാരം പൗരന് ഈ അവകാശം ലഭിക്കുന്നു.

**വിവരങ്ങൾ/ രേഖകൾ ലഭിക്കുന്നതിന് ചെയ്യേണ്ടത്**

- വിവരങ്ങളോ രേഖകളോ ആവശ്യപ്പെടുന്ന അപേക്ഷ നിശ്ചിത ഫോറത്തിൽ സെക്രട്ടറിക്ക് നൽകണം.
- കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ അപേക്ഷ ബന്ധപ്പെട്ട സ്ഥാപനത്തിലെ തലവന് നൽകണം.
- 1998 ലെ കേരള പഞ്ചായത്ത് രാജ് (റെക്കോർഡുകളുടെ സൂക്ഷിപ്പും പകര്പ്പ് നൽകലും) ചട്ടങ്ങൾ പ്രകാരമുള്ള പകർപ്പ് ഫീസും തിരച്ചിൽ ഫീസും അടവാക്കേണ്ടതാണ്
- രേഖ പരിശോധനക്ക് ലഭിക്കുന്നതിനോ, പകർപ്പ് എടുത്ത് ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി നൽകുന്നതിനോ ഉള്ള ദിവസവും രസീതിൽ രേഖപ്പെടുത്തണം.
- രഹസ്യാത്മക വിവരം എന്ന് വിജ്ഞാപനം ചെയ്യപ്പെട്ടതാണ് ആവശ്യപ്പെടുന്ന സംഗതിയെങ്കിൽ സെക്രട്ടറിക്കോ, ഉദ്യോഗസ്ഥനോ ആ കാരണം രേഖാമൂലം പരാമർശിച്ച് അപേക്ഷ നിരസിക്കാം.

**വിവരങ്ങൾ നൽകുന്നതിന് കാലതാമസം വരുത്തിയാൽ**

- നിശ്ചിത ദിവസത്തിലേറെ കാലതാമസം വരുത്തിയാൽ വിവരം നൽകാൻ ചുമതലപ്പെട്ട വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന ദിനംപ്രതി 50 രൂപ നിരക്കിൽ പിഴ തദ്ദേശ ഭരണത്തിന്റെ തനത് ഫണ്ടിലേക്ക് ഈടാക്കാവുന്നതാണ്.
- മനപ്പൂർവ്വമായോ ഉപേക്ഷ മൂലമോ വിവരം നൽകാൻ പരാജയപ്പെടുകയോ, തെറ്റായ വിവരം നൽകുകയോ ചെയ്താൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും 1000 രൂപയിൽ കുറയാത്ത പിഴ ഈടാക്കാനും വ്യവസ്ഥയുണ്ട്.

**രേഖകൾ ലഭ്യമല്ലെങ്കിൽ**

- യുക്തമായ തെരച്ചിൽ നടത്തിയ ശേഷം രേഖ കണ്ടു കിട്ടാത്തതിനാലോ, രേഖയുടെ സംരക്ഷണ കാലാവധി കഴിഞ്ഞതിനാലോ, രേഖ നിലവിൽ ഇല്ലാത്തതിനാലോ സാധുവായ കാരണം ബോധ്യപ്പെടുത്തി അപേക്ഷ പ്രകാരം വിവരം ലഭ്യമാക്കാനാകില്ലെന്നറിയിച്ച് തീർപ്പ് നൽകേണ്ടതാണ്. ഉത്തമബോധ്യത്തോടെ എടുക്കുന്ന ഇത്തരം തീരുമാനങ്ങൾക്ക് നിയമ പരിരക്ഷ ലഭിക്കും. രേഖ ലഭ്യമാക്കുന്നില്ലെങ്കിൽ ഈടാക്കിയ ഫീസ് അപേക്ഷകന് തിരിച്ച് നൽകണം.

**വികസന പദ്ധതികളുടെ വിവരങ്ങൾ**

- വികസന പദ്ധതിയുടെ വിവരങ്ങൾ സംബന്ധിച്ച വിവരങ്ങൾ പദ്ധതി സ്ഥലത്ത് സുതാര്യമായും ലളിതമായും പരസ്യപ്പെടുത്തേണ്ടതുണ്ട്. സാങ്കേതികവും സാമ്പത്തികവുമായ വിവരങ്ങൾ ഭരണ നടപടിക്കൊപ്പം പ്രസിദ്ധീകരിക്കേണ്ടതുണ്ട്. സുതാര്യത സംബന്ധിച്ചമാർഗ്ഗ നിർദ്ദേശങ്ങൾ ഇതിൽ പാലിച്ചിരിക്കണം.
- ഗ്രാമസഭ തദ്ദേശസ്വയംഭരണ സ്ഥാപനം, കൈമാറിയ സ്ഥാപനങ്ങൾ ഇവയുടെ ഭരണപരമായ വിവരങ്ങളും യോഗ നടപടികളും പൊതുജനപ്രാപ്യമായ വിധം പ്രസിദ്ധീകരിക്കേണ്ടതാണ്.

# വിവരാവകാശ നിയമം 2005

പൊതു അധികാര സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ, എല്ലാ പൗരന്മാർക്കും ലഭ്യമാക്കുന്നതിനും പൊതു അധികാര കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്തം നില നിർത്തുന്നതിനും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി രൂപം കൊടുത്ത ഒന്നാണ് 2005 ലെ വിവരാവകാശ നിയമം. രാജ്യസുരക്ഷയ്ക്കും മറ്റു ചില താൽപര്യങ്ങളുടെ പ്രത്യേക സംരക്ഷണത്തിനും ഉള്ള വിവരങ്ങളും ഒഴിച്ച് എല്ലാ വിവരങ്ങളും നിയമപ്രകാരം ജനങ്ങൾക്ക് നൽകേണ്ടതാണെന്ന് നിയമം അനുശാസിക്കുന്നു. ഈ നിയമത്തിനനുസരിച്ച് പൊതു അധികാരികളുടെ കൈവശമോ നിയന്ത്രണത്തിൻ കീഴിലോ ഉള്ള വിവരങ്ങൾ അറിയുന്നതിന് പൗരന് അവകാശമുണ്ട്. സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സഹായ ധനം നൽകുന്ന സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള ഒരു ജോലിയോ പ്രമാണമോ രേഖയോ പരിശോധിക്കുന്നതിനുള്ള അവകാശം രേഖയുടെയോ പ്രമാണത്തിന്റെയോ കുറിപ്പുകളോ സംക്ഷിപ്തമോ എടുക്കൽ ഏതൊരു രേഖയുടെയും സാക്ഷ്യപ്പെടുത്തിയ സാമ്പിളുകൾ എടുക്കൽ, കമ്പ്യൂട്ടറിലോ മറ്റ് ഇലക്ട്രോണിക് സംവിധാനത്തിലോ ശേഖരിച്ച് വെച്ചിട്ടുള്ള വിവരങ്ങൾ, പ്രിന്റൗട്ടുകൾ മുതലായവ രൂപത്തിൽ പകർത്തിയെടുക്കാനുള്ള അവകാശം തുടങ്ങിയവയും നിയമത്തിൽ ഉൾപ്പെടുന്നു.

വിവരങ്ങൾ ആവശ്യപ്പെടുന്ന വ്യക്തി എന്തൊക്കെ വിവരങ്ങളാണ് വേണ്ടതെന്ന് രേഖാമൂലമോ ഇലക്ട്രോണിക് മാധ്യമത്തിലൂടെയോ നിശ്ചിത ഫീസ് (ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ഫീസ് വേണ്ട) ബന്ധപ്പെട്ട വകുപ്പിന്റെ ചുമതലപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ഓഫീസ്സർ/അസ്സി. ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകിയാൽ 30 ദിവസത്തിനകം വിവരം ലഭ്യമാക്കണം. അപേക്ഷഫീസ് 10 രൂപയായി നിശ്ചിയിച്ചിട്ടുണ്ട്. ഒരു സാധാരണ പേജിന് 2 രൂപയും വലിയ പേജുകൾക്കും സാമ്പിളുകൾ, മോഡലുകൾ മുതലായവയ്ക്ക് യഥാർത്ഥ ചെലവും നിശ്ചയിച്ചിട്ടുണ്ട്. ആദ്യത്തെ 1 മണിക്കൂർ സൗജന്യമായും തുടർന്നുള്ള ഓരോ മണക്കൂറിനും 10 രൂപ പ്രകാരവും ഒടുക്കിയും വിവരങ്ങൾ നേരിട്ട് പരിശോധിക്കാവുന്നതാണ്. നിശ്ചിത സമയത്തിനകം വിവരങ്ങൾ ലഭ്യമാകുന്നില്ലെങ്കിൽ 30 ദിവസത്തിനുള്ളിൽ ഉയർന്ന തലത്തിൽ അപ്പീൽ നൽകാവുന്നതാണ്.

**ചിറക്കൽ ഗ്രാമപഞ്ചായത്തിലെ വിവരാവകാശം സംബന്ധിച്ച അധികാരികൾ താഴെ പറയുന്നവരാണ്.**

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | : ഷൈജ കെ (ജൂനിയർ സൂപ്രണ്ട്), Ph : **04972778468** |
| അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | : ഷീബ പി(അക്കൗണ്ടന്റ്), Ph : **04972778468** |
| അപ്പലേറ്റ് അതോറിറ്റി | : രാജേഷ് കുമാർ തിരുവാനത്ത് (അസിസ്റ്റന്റ് ഡയറക്ടർ (തസ്വഭവ) |

# * ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം *

2008 ഫെബ്രുവരി 2 മുതൽ നടപ്പിലാക്കുന്നു

1. **നിയമത്തിന്റെ പ്രാധാന്യം**
   1. ഒരു കുടുംബത്തിന് 100 ദിവസം തൊഴിൽ നൽകൽ.
   2. തൊഴിൽ നൽകാൻ കഴിഞ്ഞില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം
   3. ഗ്രാമസഭാ നിർമ്മാണ പ്രവർത്തി നിശ്ചയിക്കുന്നു.
   4. തൊഴിൽ 1/3 ഭാഗം സ്ത്രീകൾക്ക് ഉറപ്പു നൽകുന്നു.
   5. പ്രവർത്തികളിലും ജോലിക്കാരുടെ പട്ടികയിലും നിർമ്മാണ ജോലികളെ സംബന്ധിച്ചും സുതാര്യത ഉറപ്പു നൽകുന്നു.
   6. ഗ്രാമപഞ്ചായത്തുകൾ പദ്ധതി നടത്തിപ്പ് നിർവ്വഹിക്കുന്നു.
   7. തൊഴിലാളികൾക്ക് പരിരക്ഷ നൽകുന്നു.
      (എ) അപകടങ്ങൾക്ക് ചികിത്സ സൗജന്യമായി നൽകുന്നു. (ബി) ചികിത്സാ സമയത്ത് 50% ശതമാനം വേതനം.
      (സി) ജോലി സ്ഥലത്ത് മരണം സംഭവിച്ചാൽ കുടുംബത്തിന് നഷ്ട പരിഹാരം നൽകുന്നു.
      (ഡി) അംഗവൈകല്യമുണ്ടായാലും നഷ്ടപരിഹാരം നൽകുന്നു.
2. **തൊഴിലിനുള്ള യോഗ്യത**
   1. പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നവരായിരിക്കണം.
   2. തൊഴിലിനായി രജിസ്റ്റർ ചെയ്തിരിക്കണം.
   3. തൊഴിൽ കാർഡ് ലഭിച്ചവരായിരിക്കണം.
   4. തൊഴിൽ കാർഡിൽ പേരുള്ളവരായിരിക്കണം.
3. **തൊഴിലിന്റെ പ്രത്യേകത**
   1. താമസസ്ഥലത്തിന് 5 കി.മീ. ചുറ്റളവിനുള്ളിൽ തൊഴിൽ നൽകുന്നു.
   2. 5 കി.മീറ്റർ പുറത്ത് വേതനത്തിന് 10 ശതമാനം അധികം നൽകുന്നു.
   3. 14 ദിവസം വരെ തുടർച്ചയായി തൊഴിൽ നൽകുന്നു.
   4. കരാറുകാരെ പൂർണ്ണമായി ഒഴിവാക്കുന്നു.
   5. തൊഴിൽ ലഭ്യത കുറയ്ക്കുന്ന യന്ത്രങ്ങൾ ഒഴിവാക്കുന്നു.
4. **സ്ത്രീ തൊഴിലാളികൾക്കുള്ള പരിരക്ഷ**
   1. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ വേതനം
   2. സ്ത്രീ തൊഴിലാളികളുടെ കുട്ടികളെ നോക്കുന്നതിന് ഒരു സ്ത്രീയെ ചുമതലപ്പെടുത്തുന്നു. അവർക്കും വേതനം നൽകുന്നു.
5. **ഏറ്റെടുക്കാവുന്ന പ്രവർത്തികൾ**
   1. ജലസംരക്ഷണ സംഭരണ പ്രവർത്തികൾ.
   2. വരൾച്ചാ നിവാരണ പ്രവർത്തികൾ (മരം വെച്ചുപിടിപ്പിക്കൽ/മഴക്കുഴികൾ നിർമ്മിക്കൽ)
   3. ജലസേചനം തോടുകളുടെ നിർമ്മാണം.
   4. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമിയിൽ ജലസേചന സൗകര്യം ഏർപ്പെടുത്തൽ
   5. പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനർ നിർമ്മാണം.
   6. ഭൂവികസന പ്രവർത്തികൾ.
   7. വെള്ളപ്പൊക്ക നിവാരണ പ്രവർത്തി (അഴുക്ക് ചാൽ ഉൾപ്പെടെ)
   8. റോഡുകളുടെ നിർമ്മാണം.
   9. കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് പ്രവർത്തികൾ
6. **ധനകാര്യം**
   1. പദ്ധതി തുകയുടെ 90 ശതമാനം കേന്ദ്രഗവൺമെന്റും 10 ശതമാനം സംസ്ഥാന സർക്കാരും വഹിക്കും.
   2. മൊത്തം തുകയുടെ 60 ശതമാനം അവിദഗ്ദ തൊഴിലാളികളുടെ വേതനത്തിനും 40 ശതമാനം നിർമ്മാണ സാമഗ്രികൾ വാങ്ങിക്കുന്നതിനും ഉപയോഗിക്കുന്നു.

# *വനിത ജാഗ്രതാ സമിതി*

23.06.2007–ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.31/2007/സാ.ക്ഷേ.വ. അനുസരിച്ച് ചിറക്കൽ ഗ്രാമപഞ്ചായത്തിലും ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം, തുടങ്ങിയ സൃഷ്ടിക്കും വേണ്ടി പ്രവർത്തിക്കാൻ ലക്ഷ്യം വെച്ച് രൂപീകരിക്കപ്പെട്ടതാണ്. ജാഗ്രതാ സമതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളും ഉത്തരവാദിത്വങ്ങളും താഴെപ്പറയുന്നവയാണ്.

1. സ്ത്രീകളും പെൺകുട്ടികളും കക്ഷികളായിട്ടുള്ള പരാതികൾ സ്വീകരിക്കുക. പരിഹരിക്കുക.
2. സ്വയം പ്രശ്നങ്ങൾ ഏറ്റെടുത്ത് / കണ്ടെത്തി പരിഹരിക്കാനായി ഇടപെടുക.
3. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത് അവസ്ഥ സംജാതമാക്കാൻ പ്രയത്നിക്കുക.
4. സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക.
5. ആവശ്യമായ നിയമസഹായവും ഉപദേശവും പ്രചാരണവും നൽകുക.

**ചിറക്കൽ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതിയിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്**

1. ചെയർമാൻ : ശ്രുതി പി (ചിറക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്)
2. കൺവീനർ : ഷബില. കെ (ഐ.സി.ഡി.എസ്. സൂപ്പർവൈസർ)

***അംഗങ്ങൾ***

3. വനിതാ ഗ്രാമപഞ്ചായത്ത് മെമ്പർ : റീന അനിൽ
4. പോലീസ് സബ് ഇൻസ്പെക്ടർ : സബ്ഇൻസ്പെക്ടർ, വളപട്ടണം പോലീസ് സ്റ്റേഷൻ
5. പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ചിറക്കൽ
6. സി.ഡി.എസ്. ചെയർ പേഴ്സൺ : ശ്രീമതി. സാജിത കെ പി
7. വനിതാ വക്കീൽ : അഡ്വ.റീന

# കുടുംബശ്രീ

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട്, 1998 ൽ കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് ആവിഷ്ക്കരിച്ച ഒരു നൂതന സംരംഭമാണ് കുടുംബശ്രീ. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ വനിതകളാണ് കുടുംബശ്രീയിലെ അംഗങ്ങൾ. 10 മുതൽ 20 വരെ കുടുംബങ്ങളിൽ നിന്നും ഓരോ വനിത ഉൾപ്പെടുന്ന അയൽക്കൂട്ടങ്ങളും ഇവയെ ഏകോപിപ്പിച്ച് വാർഡുതലത്തിൽ ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികളും(എ.ഡി.എസ്.) പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റ് ഡവലപ്മെന്റ് സൊസൈറ്റിയും പ്രവർത്തിക്കുന്നു. സ്ത്രീ കൂട്ടായ്മയിലൂടെ വിവിധതരം പ്രവർത്തികളിലേർപ്പെട്ട്, സാമൂഹിക സാമ്പത്തിക മേഖലയിൽ ഉയർച്ച നേടുന്നതിന് സഹായകമായ രീതിയിൽ വനിതകളെ കൈപിടിച്ചുയർത്തുന്ന ഈ സംവിധാനത്തിൽ നമ്മുടെ പഞ്ചായത്ത 189 കുടുംബശ്രീ യൂനിറ്റുകളും 23 എ.ഡി.എസ്സും. പ്രവർത്തിക്കുന്നു.

## സി.ഡി.എസ്. ഓഫീസ്

ചെയർപേഴ്സൺ : സാജിത കെ പി Mob-9497099989

മെമ്പർ സെക്രട്ടറി : വി എ ജോർജ് ( അസി സെക്രട്ടറി) Mob-9495479847

അക്കൗണ്ടന്റ് : പ്രിയ സി Mob-9947344916

**ADS/CDS മെമ്പർമാർ**

| വാർഡ് | ADS സെക്രട്ടറിമാരുടെ പേര് | ഫോൺനമ്പർ | CDS മെമ്പർമാരുടെ പേര് | ഫോൺനമ്പർ |
|---|---|---|---|---|
| 1 | കെ വി സരോജിനി | 9605632151 | കെ വി സരോജിനി | **9947522421** |
| 2 | റീഷ | | ജയപ്രഭ പി | **9496176208** |
| 3 | ഉഷ എൻ | 9747263176 | രമണി പി വി | **9995723713** |
| 4 | അനിത കെ | | ശിഖ എം പി | **9645479264** |
| 5 | സുഭജ സി പി | | ശോഭന പി | **9633352092** |
| 6 | രഞ്ചിനി യു എസ് | 9847454667 | പ്രവിത പി വി | **8606739506** |
| 7 | ഗീത ടി | 9746056841 | ഷൈനി റിജിൽ | **9744528938** |
| 8 | ഷബിന യു സി | | ശ്യാമള എ വി | **9946421957** |
| 9 | രമ്യ പ്രസാദ് | 9544800308 | ലീല പി വി | **9995066787** |
| 10 | നിഷ | 9961710045 | പ്രസന്ന കെ | **9746605870** |
| 11 | ഷീന വി വി | | ബിന്ദു പി | **9746796984** |

| | | | | |
|---|---|---|---|---|
| 12 | സുഷമ കെ | | ഷൈന ടി | **7994861306** |
| 13 | ശോഭന എ | | മേനക കെ | **9020063849** |
| 14 | പ്രസന്ന വി പി | **9526536413** | പ്രസന്ന വി പി | **9526536413** |
| 15 | നളിനി പി വി | 9747359191 | ദിൽന സി | **9496169310** |
| 16 | വിജിത എ | | സരിത ഇ | **7907629939** |
| 17 | ഇന്ദു കെ | 9495114361 | ഇന്ദു കെ | **9495114361** |
| 18 | ഷീന | | നിഷ കെ | **9544182329** |
| 19 | സന്ധ്യ | | സരിത കെ എം | **9400574636** |
| 20 | ദീപ വി | | സജിനി എ പി | **9605928627** |
| 21 | ബിജുല | 9746837870 | സ്വർണ്ണലത വി | **9895437728** |
| 22 | ലിജി ടി | | സാജിത കെ പി | **9497099989** |
| 23 | ശാന്ത കെ | **9539173918** | ശാന്ത കെ | **9539173918** |

## കുടുംബശ്രീ വഴി നടപ്പിലാക്കുന്ന സേവനങ്ങൾ

1. പഞ്ചായത്തിലെ അഗതികളായ കുടുംബങ്ങളെ കണ്ടെത്തി ആശ്രയ വിഭാഗത്തിൽ പെടുത്തി ചലഞ്ച് ഫണ്ട് ഉപയോഗിച്ച് അവർക്കാവശ്യമായ ഭക്ഷണം, വസ്ത്രം ചികിത്സ എന്നിവ നൽകുന്നു.
2. പഞ്ചായത്തിലെ 18 വയസിനു മുകളിലുള്ള സ്ത്രീകളെ ഉൾപ്പെടുത്തി കുടുംബശ്രീ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
3. കാർഷിക മേഖലയിൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് രൂപീകരിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നു. ഗ്രൂപ്പുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ജില്ലാ മിഷൻ വഴി വാങ്ങിച്ചു നൽകുന്നു.
4. കുടുംബശ്രീ യൂണിറ്റുകൾക്ക് സാമ്പത്തിക ആവശ്യം നിറവേറ്റുന്നതിന് ബേങ്ക് വഴി ലിങ്കേജ് ലോൺ നൽകുകയും ലിങ്കേജ് ലോൺ ലഭിച്ച യൂനിറ്റുകൾക്ക് സംസ്ഥാന മിഷന്റെ മാച്ചിംഗ് ഗ്രാന്റ് അനുവദിച്ചു നൽകുന്നതിന് ആവശ്യമായ സേവനങ്ങൾ നൽകുന്നു.
5. സംരംഭങ്ങൾക്ക് പരിശീലനം, റിവോൾവിംഗ് ഫണ്ട്, സബ്സിഡി ഇന്നവേഷൻ ഫണ്ട് എന്നിവ
   വാങ്ങിച്ചു നൽകുവാൻ സഹായിക്കുന്നു.
6. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (DDUGKY) പദ്ധതിയിലൂടെ ദരിദ്രരായ ഗ്രാമീണ യുവജനങ്ങൾക്ക് അവരുടെ അഭിരുചിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കും അനുസരിച്ചുള്ള മേഖലകളിൽ വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകി ജോലി ഉറപ്പുവരുത്തുന്നു.
7. പഞ്ചായത്തിൽ വിപണന സൗകര്യം പരിപോഷിപ്പിക്കുന്നതിന് മാസ ചന്തകളും ഉത്സവകാല ചന്തകളും നടപ്പിലാക്കുന്നു.

# വ്യവസായങ്ങളും വ്യവസ്ഥകളും

**1.ഒഴിവാക്കൽ**

**യന്ത്രങ്ങളോ ഉൽപ്പാദക യൂണിറ്റുകളോ വ്യവസായ യൂണിറ്റുകളോ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അനുവാദം ആവശ്യമില്ലാത്തവ താഴെ കാണിക്കുന്നു**

1) വീട്ടാവശ്യങ്ങൾക്ക് വേണ്ടിയോ വ്യക്തപരമായ സൗകര്യങ്ങൾക്ക് വേണ്ടിയോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള വൈദ്യുതേതര ഉപകരണങ്ങളും യന്ത്രസാമഗ്രികളും.
2) കാർഷികാവശ്യങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള വൈദ്യുതി കൊണ്ടും അല്ലാതെയും പ്രവർത്തിക്കുന്ന ഉപകരണങ്ങൾ.
3)സ്ഥിര ശ്രദ്ധ വേണ്ടി വരാത്ത സ്റ്റാറ്റിക് ട്രാൻസ്ഫോമർ സ്റ്റേഷനുകളും കണ്ടൻസർ സ്റ്റേഷനുകളും റെക്ടിഫെയർ സ്റ്റേഷനുകളും.
4)കൊണ്ടുനടക്കാവുന്നതരം ഡ്രില്ലിംഗ് യന്ത്രങ്ങളും കോൺക്രീറ്റ് മിക്സറുകളും പോലെ നിർമ്മാണാവശ്യത്തിനുപയോഗിക്കാവുന്ന കൊണ്ടു നടക്കാവുന്ന തരം യന്ത്രങ്ങളും.
5)വിദ്യാഭ്യാസ സ്ഥാപനത്തോട് ബന്ധപ്പെടുത്തിയോ അല്ലെങ്കിൽ ശാസ്ത്ര സംബന്ധമായ ആവശ്യങ്ങൾക്ക് വേണ്ടി ഒരു വർക്ക്ഷോപ്പിലോ ജോലിസ്ഥലത്തോ സ്ഥാപിച്ചിട്ടുള്ള യന്ത്ര സംവിധാനം.
6)ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ.
7)കുടിവെള്ള വിതരണത്തിനും മലിനജലം ഒഴുക്കിക്കളയുന്നതിനുമായി കേരള ജല അതോറിറ്റിയുടെ യന്ത്രസംവിധാനങ്ങൾ.
8)മലിനീകരണമുണ്ടാക്കാത്ത ഒരു വ്യവസായമായി സർക്കാരിന്റെ വ്യവസായ വകുപ്പോ കേരളസംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും അഞ്ച് കുതിരശക്തിയിൽ കുറവ് ശേഷിയുള്ളതുമായ യന്ത്രങ്ങൾ സ്ഥാപിച്ച വ്യവസായങ്ങൾ.
9)സർക്കാരോ സർക്കാർ നിയന്ത്രിത ഏജൻസിയോ പ്രഖ്യാപിച്ചിട്ടുള്ള ഒരു വ്യവസായ എസ്റ്റേറ്റിലേയോ വ്യവസായ വികസന വളർച്ചാ കേന്ദ്രത്തിലേയോ കയറ്റുമതി സംസ്കരണ മേഖയിലേയോ അല്ലെങ്കിൽ പാർക്കിലേയോ വ്യവസായ യൂണിറ്റുകൾ.

**(8)ഉം (9) ഉം ഇനങ്ങളിൽപ്പെട്ട വ്യവസായ യൂണിറ്റുകളുടെ ഉടമസ്ഥൻ നിശ്ചിത ഫീസ് അടച്ച് യൂണിറ്റ് അതാത് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം (വ.235ബി(ഐ) ഉപാധി**

## 2. അനുവാദം തേടൽ

നിർമ്മിക്കാനുദ്ദേശിക്കുന്നതോ നിയമാനുസൃതം നിർമ്മിച്ചിട്ടുള്ളതോ ആയ കെട്ടിടത്തിന്റെയും സൈറ്റിന്റെയും പ്ലാൻ, ഉടമസ്ഥതയും കൈവശാവകാശവും തെളിയിക്കുന്ന രേഖകളേ എന്നിവ സഹിതം സെക്രട്ടറിയെ അഭിസംബോധന ചെയ്തുകൊണ്ട് നിർദ്ദിഷ്ട മാതൃകയിലുള്ള ഫോറത്തിൽ അപേക്ഷ ഗ്രാമപഞ്ചായത്തിന് സമർപ്പിക്കണം. അപേക്ഷ കിട്ടിയാലുടൻ കെട്ടിടത്തിന്റെ ചുറ്റും പ്ലാനിൽ കാണിച്ചിട്ടുള്ള തുറസ്സായ സ്ഥലം വകുപ്പ് 220 ബിയുമായും കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കും പൊരുത്തപ്പെടുന്നതാണോ എന്ന് നോക്കണം. നാഷണൽ ഹൈവേയോടോ ജില്ലാ റോഡുകളോടോ ചേർന്നു കിടക്കുന്ന ഭൂമിയിലാണോ ഫാക്ടറിയോ വർക്ക്ഷോപ്പോ ജോലിസ്ഥലമോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് നോക്കണം. പ്ലാൻ ശരിയാണെങ്കിൽ റോഡിനോട് ചേർന്ന ഭൂമിയുടെ അതിരിൽ നിന്നും നിർദ്ദിഷ്ട തുറസ്സായ സ്ഥലം വിടുന്നതിന് ആവശ്യമായ ഭൂമി യഥാർത്ഥത്തിൽ ഉണ്ടോയെന്ന് സൈറ്റ് പരിശോധന നടത്തി ബോധ്യപ്പെടണം.

മാത്രവുമല്ല, കെട്ടിടനിയമമനുസരിച്ചുള്ള തുറസ്സായ സ്ഥലം വിടുന്നതിനുള്ള സ്ഥസൗകര്യം ഉണ്ടോയെന്നും ഉറപ്പ് വരുത്തണം. യന്ത്രസാമഗ്രികളുടെയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റേയോ സ്ഥാപനം മൂലം പരിസരപ്രദേശത്തുള്ള ജനങ്ങൾക്ക് ശല്യമോ പരിസരമലിനീകരണമോ ഉണ്ടാകാനിടയുണ്ടോ എന്നുകൂടി സെക്രട്ടറി അന്വേഷിക്കേണ്ടതുമാണ്. പൊതുജനാക്ഷേപം വല്ലതുമുണ്ടെങ്കിൽ അവയും താഴെ വിവരിക്കുന്ന നിരാക്ഷേപ സാക്ഷ്യപത്രങ്ങളും സെക്രട്ടറിയുടെ റിപ്പോർട്ടിനൊപ്പം ഗ്രാമപഞ്ചായത്ത് കമ്മറ്റിക്ക് സമർപ്പിക്കണം (വ. 233(3))

## 3. ഫാക്ടറീസ് ആക്ട്

1948-ലെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ വരുന്നതാണെങ്കിൽ ഫാക്ടറീസ് ഇൻസ്പെക്ടറുടേയോ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ആഫീസറുടേയോ പദവിയിൽ കുറയാത്ത വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥന്റെയോ റിപ്പോർട്ടിന് അപേക്ഷയും പ്ലാനും മറ്റു

വിശദാംശങ്ങളും സെക്രട്ടറി അയച്ചുകൊടുക്കണം. ഫാക്ടറിയുടേയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ പ്ലാനിൽ വെന്റിലേഷൻ ഉയരം, അവയുടെ വലിപ്പം, തീപ്പിടുത്തമുണ്ടായാൽ പുറത്തേക്ക് കടക്കാനുള്ള മാർഗ്ഗങ്ങളുടെ അനുയോജ്യത, മറ്റു സംഗതികൾ മുതലായവ സംബന്ധിച്ച അഭിപ്രായം പ്രസ്തുത റിപ്പോർട്ടിൽ പരാമർശിക്കണം.

### 4. ജില്ലാ മെഡിക്കൽ ഓഫീസർ

യന്ത്രസാമഗ്രികൾ ഇരുപത്തിയഞ്ച് കുതിരശക്തിയിൽ കവിയുന്ന വിധം ശേഷിയുള്ളതാണെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിന് അയച്ചുകൊടുക്കേണ്ട ബാധ്യതയും സെക്രട്ടറിക്കുണ്ട്. യന്ത്രസാമഗ്രികളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനരീതികൊണ്ട് ശല്യമോ മലിനീകരണമോ ഉണ്ടാകാനിടയുണ്ടെങ്കിലും റിപ്പോർട്ട് വരുത്താവുന്നതാണ്. ജലം, അമ്ലം, ക്ഷാരം, രാസവസ്തുക്കൾ എന്നിവയുടേയും ഹീറ്റുട്രീറ്റുമെന്റിന്റേയും ഉപയോഗം മൂലം ബഹിർഗമിക്കുന്ന ഖര, ദ്രാവക വർണ്യ വസ്തുക്കൾ സൃഷ്ടിക്കുന്ന മലിനീകരണങ്ങളിന്മേൽ ആരോഗ്യവകുപ്പിന്റെ അഭിപ്രായം തേടാവുന്നതാണ്. അത്തരം വ്യവസായങ്ങൾ താഴെ കാണിക്കുന്നു.

1. ബാറ്ററിയുടെ നിർമ്മാണം
2. ടയറും ട്യൂബും ഉൾപ്പെടെയുള്ള സൈക്കിളിന്റെ വിവിധ പാർട്ടുകളുടെ നിർമ്മാണം.
3. വൈദ്യുത വിളക്കുകൾ, ട്യൂബ് ലൈറ്റുകൾ, മെർക്കുറി ബൾബുകൾ, റിഫ്ളക്ടറുകൾ, ഷെയ്ഡുകൾ എന്നിവ പോലുള്ള അനുബന്ധലോഹ വസ്തുക്കളുടേയും നിർമ്മാണം.
4. ഇരുമ്പും ഉരുക്കും പിക്ലിംഗ് നടത്തുന്നത്
5. ആസിഡ് ട്രീറ്റ്മെന്റ്, ഇലക്ട്രോ പ്ലേറ്റിംഗ്, സോൾവെന്റ് ട്രീറ്റ്മെന്റ് എന്നിവ അന്തർഭവിച്ചിട്ടുള്ള പ്രിന്റഡ് സർക്യൂട്ടുകൾ, വാൽവുകൾ പോലുള്ള ഇലക്ട്രിക്കൽ ഇലക്ട്രോണിക് പാർട്ടുകളുടെ നിർമ്മാണം.
6. ഇലക്ട്രോപ്ലേറ്റിംഗ്, വിവിധ പാർട്ടുകളുടെ ഹീറ്റ് ട്രീറ്റ്മെന്റും ലെറ്റർ ടൈപ്പുകളുടെ നിർമ്മാണവും അന്തർഭവിച്ചിട്ടുള്ള ടെലിഫോൺ, ടെലിഗ്രാം, ടെലിപ്രിന്റർ എന്നിവ
7. പ്ലേറ്റിംഗിൽ അന്തർഭവിച്ചിട്ടുള്ള ടൈംപീസുകൾ, വാച്ചുകൾ, സ്വയം പ്രകാശിത ഡയലുകൾ മറ്റു പാർട്ടുകളുടെ നിർമ്മാണം.
8. രാസവസ്തുക്കളും രാസവളങ്ങളും
9. ചായം മുക്കുന്നതിനുള്ള രാസവസ്തുക്കൾ
10. ഭക്ഷ്യോൽപ്പന്നങ്ങൾ
11. തോൽ ഊറക്കിടൽ
12. എഞ്ചിൻ ഓയിലും കട്ടിംഗ് ഓയിലും ട്രാൻസ്ഫോർമർ ഓയിലും പോലുള്ള മിനറൽ ഓയിലിന്റെ സംസ്കരണവും റീകണ്ടീഷൻ ചെയ്യലും.
13. പെയിന്റുകളും വാർണീഷുകളും
14. വർണ്ണക്കടലാസ് ഉൾപ്പെടെയുള്ള വിവിധയിനം കടലാസുകളുടെ നിർമ്മാണം.
15. ഔഷധ വസ്തുക്കൾ
16. ഇന്റേണൽ പ്രിന്റിംഗ്, എഞ്ചിൻ, ഡീസൽ എഞ്ചിൻ, റേഡിയേറ്റർ
17. ടെക്സ്റ്റയിൽ പ്രിന്റിംഗ്, ചായംമുക്കൽ, മെർസറൈസ് ചെയ്യൽ, ബ്ലീച്ചിംഗ് ചെയ്യൽ മുതലായവ. മലിനീകരണം ഉണ്ടാകുന്നതല്ലെന്ന് വ്യവസായ വകുപ്പിലുള്ള അധികാരത്തിലുള്ള ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടുള്ള പ്രഖ്യാപനം അപേക്ഷകൻ ഹാജരാക്കുന്നുവെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ഒഴിവാക്കാവുന്നതാണ്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനും നിരാക്ഷേപ പത്രം നൽകാൻ ചുമതലയുണ്ട്.

### 5. ഡിവിഷണൽ ഫയർ ഓഫീസർ

ഹൈടെൻഷൻ വൈദ്യുതിയുടെ ഉപയോഗം ഉൾക്കൊള്ളുന്ന വ്യവസായമാണെങ്കിൽ ഡിവിഷണൽ ഫയർഫോഴ്സ് ഓഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ ക്ലിയറൻസ് ആവശ്യമാണ്. കത്തിപ്പടരാവുന്നതോ പൊട്ടിത്തെറിക്കാവുന്നതോ ആയ താഴെപ്പറയുന്ന സാധനങ്ങളുടെ ഉപയോഗം ഉൾക്കൊള്ളുന്ന വ്യവസായമാണെങ്കിലും ഡിവിഷണൽ ഫയർഫോഴ്സ് ഓഫീസറുടെ അഭിപ്രായം തേടണം.

1. സ്ഫോടക വസ്തുക്കൾ
2. കരിമരുന്നുകൾ
3. വെടിയുപ്പ്
4. സ്പിരിറ്റ് അടങ്ങിയ ഉൽപ്പന്നങ്ങൾ
5. ഗന്ധകം
6. ഓട് ഫാക്ടറികൾ
7. എൽ.പി.ജി. ഉപയോഗിക്കുന്ന വ്യവസായങ്ങൾ
8. ഓല മേഞ്ഞ ഷെഡുകളോട് കൂടിയ ഫാക്ടറി കെട്ടിടങ്ങൾ
9. തീപ്പെട്ടി
10. അംമ്ലങ്ങളുടെ നിർമ്മാണം

അഗ്നിപ്രതിരോധവും അഗ്നിശമനവും സംബന്ധിച്ച പ്രവർത്തനങ്ങൾക്കാവശ്യമായ ക്രമീകരണങ്ങൾ പരിശോധിച്ച് അഭിപ്രായം റിപ്പോർട്ടിൽ കാണിച്ചിരിക്കേണ്ടതാണ്.

### 6. മലിനീകരണ നിയന്ത്രണ ബോർഡ്

ജല (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, വകുപ്പ് 25 ഉം 26ഉം പ്രകാരവും (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, വകുപ്പ് 21 പ്രകാരവും സംസ്ഥാന മലിനീകരണ ബോർഡിൽ നിന്നും പുതിയ വ്യവസായ ശാലകൾക്ക് കൺസെന്റ് ് എസ്റ്റാബ്ലിഷ് ഹാജരാക്കേണ്ടത്. അതിനു പുറമെ അപകടകാരികളായ പാഴ് വസ്തു(നടത്തിപ്പ് കൈകാര്യം ചെയ്യൽ) ചട്ടപ്രകാരം ആവശ്യമുള്ള സംഗതികളിൽ ആതറൈസേഷൻ, ബോർഡിൽ നിന്നും വാങ്ങി ഹാജരാക്കിയിരിക്കണം. എന്നാൽ മലിനീകരണ സാധ്യത കുറഞ്ഞ താഴെ കാണിച്ചിട്ടുള്ള ചെറുകിട വ്യവസായ ശാലകൾക്ക് ഇത്തരം സാക്ഷ്യപത്രങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

1. എയ്റേറ്റഡ് വാട്ടർ (പ്രതിദിനം 500 കുപ്പിയിൽ താഴെയുള്ളവ)
2. അസംബ്ലിംഗ് എഞ്ചിനിയറിംഗ് പ്രോഡക്ട്സ് (ബൗണ്ടറി ഇല്ലാത്തവ)
3. ആട്ടോമൊബൈൽ റിപ്പയർ ഷോപ്പും ബോഡി ബിൽഡിംഗ് യൂണിറ്റും
4. ബാംബുവും കെയിൻ പ്രോഡക്ടും
5. ബീഡി
6. ബിസ്ക്കറ്റ് , കൺഫെക്ഷനറി, ബ്രഡ്, ബേക്കറി ഇനങ്ങൾ (ഫർണസ്) ഇല്ലാത്തവ
7. ബ്ലാക്ക് സ്മിത്ത് ഷോപ്പ്
8. ബ്രെഷും പ്ലാസ്റ്റിക് ഫൈബറും
9. കാർപ്പെന്ററി യൂണിറ്റ്
10. കാറ്റിൽ ഫീഡും പൗൾട്രി ഫീഡും
11. സിമന്റ് ് പ്രൊഡക്ട്സ് (മെറ്റൽ ക്രെഷർ ഇല്ലാത്തവ)
12. ക്ലേ ടൈൽസും ബ്രിക്സും
13. കോഫി പൗഡർ
14. കെയർ പ്രൊഡക്ട്സ് യൂണിറ്റ് (ഡെയിംഗ് ഇല്ലാത്തവ)
15. കോൺക്രീറ്റ് സ്ലീപ്പറും പോസ്റ്റും
16. കറി പൗഡർ
17. ഡിസ്റ്റിൽഡ് വാട്ടർ
18. ഡൈയിംഗ് യൂണിറ്റ് (പ്രതിദിനം 100 ലിറ്ററിൽ താഴെയുള്ളവ)
19. ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് പ്രോഡക്ട്സ് (ആസിഡ് ട്രീറ്റ്മെന്റും സോൾവെന്റ് ് ട്രീറ്റ്മെന്റും ഇല്ലാത്തവ)
20. എഞ്ചിനിയറിംഗ് വർക്ക്ഷോപ്പ്, പ്രസ്സ് ഷോപ്പ്, ഷീറ്റ് മെറ്റൽ, ഗ്രെയിന്റിംഗ്, ജനറൽ ഫാബ്രിക്കേഷൻ
21. പടക്ക നിർമ്മാണം
22. ഫ്ളവർമിൽ ഹള്ളിംഗ് മിൽ
23. ഫർണ്ണിച്ചർ – തടിയും സ്റ്റീലും
24. ഗാർമെന്റ് ് മേക്കിംഗ്

25. ഹാന്റ് ടൂൾസ്, മെഷീൻ ടൂൾസ്, ഇൻഡസ്ട്രീയൽ ആന്റ് മെഷീൻ ടൂൾസ് (കട്ടിംഗ് ഓയിലും, ഹീറ്റ് ട്രീറ്റ്മെന്റും പ്രക്രിയകൾ ഇല്ലാത്തവ
26. ഹാന്റ്ലൂം വീവിംഗ് (ബ്ലീച്ചിംഗും ഡൈയിംഗും ഇല്ലാത്തവ)
27. ഹോസിയറി (ബ്ലീച്ചിംഗും ഡൈയിംഗും ഇല്ലാത്തവ)
28. ഐസ് ഫാക്ടറി (മത്സ്യം പ്രോസസ് ചെയ്യാത്തവ)
29. ലെതർ പ്രൊഡക്ട്സ് (ടാനിംഗും പ്രോസസിംഗും ഇല്ലാത്തവ)
30. ആണി, സ്ക്രൂ, നട്ട് ഇവയുടെ നിർമ്മാണം.
31. മിനറൽ വാട്ടർ
32. മിറർ
33. മൊസൈക്ക് ടൈൽസ്
34. മോട്ടോർ റീവൈന്റിംഗ്
35. മ്യൂസിക്കൽ ഇൻസ്ട്രുമെന്റ്
36. ഓപ്റ്റിക്കൽ ലെൻസ്
37. പേപ്പർ പ്രൊഡക്ട്സ് (എൻവലപ്പ്, ബാഗ്, കർട്ടൻ എന്നിവ)
38. പപ്പടം
39. പെൻസിൽ
40. പെർഫ്യൂം, കോസ്മെറ്റിക്സ്, ടൂത്ത് പേസ്റ്റ്, ടുത്ത് പൗഡർ
41. പ്ലാസ്റ്റിക് പ്രൊഡക്ട്സ്
42. പൊളിത്തിൻ ബാഗ് അഥവാ ഫിലിമുകൾ
43. പ്രിന്റിംഗ്, പബ്ലിഷിംഗ്, ബുക്ക് മേക്കിംഗ്
44. സേഫ്റ്റിമാച്ച്സ്
45. സെറിക്കൾച്ചർ
46. സോപ്പ്, ഡിറ്റർജെന്റ് ഫിനൈൽ (ആസിഡ് സ്ളറി ഉണ്ടാക്കൽ ഒഴിച്ചുള്ളവ)
47. സ്പോർട്സ് ഗുഡ്സ്, ടോയ്സ്
48. സ്റ്റോൺക്രഷർ (പ്രതിദിനം 10 ടണ്ണിൽ താഴെ ഉലശേഷിയുള്ളവും 500 മീറ്ററിനുള്ളിൽ വീടുകളോ നാഷണൽ അഥവാ സ്റ്റേറ്റ് ഹൈവേകളോ ഇല്ലാത്തവ)
49. സർജിക്കൽ ഗ്ലാസ്സ്, ബാൻഡേജ്, സ്റ്റൗത്തിരി, ഷൂലെൻ, ഫയിലിംഗ് ടാഗ്
50. ടാബ് ലെറ്റ്, കാപ്സ്യൂൾസ്, ഡ്രൈഫോർമുലേഷൻ, നാഷണൽ ഫാർമസ്യൂട്ടിക്കൽ യൂണിറ്റുകൾ
51. ടാർപ്പോളിൻ, റെയിൻകോട്ട്
52. കുട അസംബ്ലിംഗ്
53. വാക്സ് കാൻഡിൽസ് (വാക്സിന്റെ നിർമ്മാണം ഒഴികെ)
54. പാഴ്ജലവും പാഴ് വായുവും പുറംതള്ളാത്ത വ്യവസായങ്ങൾ
55. പ്രതിദിനം 2000 ലിറ്റർ വരെ വിഷമില്ലാത്ത പാഴ്ജലം പുറത്തേക്കൊഴുക്കുന്ന വ്യവസായ ശാലകൾ (നേർപ്പിക്കാത്ത പാഴ്ജലത്തിൽ അനുയോജ്യമായ മത്സ്യത്തെയിട്ട് 96 മണിക്കൂർ കഴിഞ്ഞ ശേഷവും 90% മത്സ്യങ്ങളും ജീവനോടിരുന്നാൽ അതിൽ വിഷമില്ലെന്ന് കണക്കാക്കാം.
56. പ്രതിദിനം 100 ലിറ്ററിൽ താഴെ മലിനജലം ഉണ്ടാക്കുന്നതും കെമിക്കൽ മാലിന്യങ്ങൾ അടങ്ങിയതും എന്നാൽ കേന്ദ്ര പരിസ്ഥിതി വനമന്ത്രാലയം എൻവിറോൺമെന്റ് (പ്രൊട്ടക്ഷൻ) റൂൾസ് പ്രകാരം നിഷ്കർഷിച്ച സ്റ്റാൻഡേഡ് (പരിധികൾ) കൈവരിക്കുന്നതുമായ വ്യവസായ ശാലകൾ

**ചിറക്കൽ ഗ്രാമ പഞ്ചായത്ത്**

57. പ്രതിദിനം 2.5 ഘനമീറ്റർ വരെ ഖരമാലിന്യങ്ങൾ ഉണ്ടാക്കുന്നതും എന്നാൽ വിഷകരമല്ലാത്തതും അപകടകാരിയല്ലാത്തതും (അതായത് 1986–ലെ മാനുഫാക്ച്ചർ സ്റ്റോറേജ് ആന്റ് ഇംപോർട്ട് ഓഫ് ഹസ്സാർഡ്സ് കെമിക്കൽ റൂൾ പാര 2, ഷെഡ്യൂൾ –1 പറഞ്ഞിട്ടുള്ള കെമിക്കലുകൾ അടങ്ങിയിട്ടില്ലാത്തവ ഉപദ്രവകാരിയല്ലാത്തതുമായ പാഴ് വസ്തുക്കൾ പുറത്തേക്ക് കളയുന്ന വ്യവസായങ്ങൾ പ്രസ്തുത വ്യവസായ ശാലകൾക്ക് താഴെ പറയുന്ന സാഹചര്യങ്ങളിൽ ബോർഡിന്റെ കൺസെന്റ് നിർബന്ധിതമാക്കാവുന്നതാണ്.

1. സാരമായ മലിനീകരണം ഉണ്ടാക്കുന്നുണ്ട് അഥവാ ഉണ്ടാക്കുവാൻ സാധ്യതയുണ്ട് എന്ന് പരാതി മുഖേനയോ സ്വമേധയാ ബോർഡിന് ബോധ്യമുണ്ടെങ്കിൽ /സംശയം ഉണ്ടാകുന്നുവെങ്കിൽ
2. സ്ഥാപനത്തിന് പുറത്ത് ശബ്ദ മലിനീകരണം ഉണ്ടാകുന്നുവെങ്കിലോ ഉളവാകാൻ സാധ്യതയുണ്ടെങ്കിലോ
3. ഇലക്ട്രോപ്ലേറ്റിംഗ് നടത്തപ്പെടുന്നുണ്ടെങ്കിൽ

സെക്രട്ടറിയുടെ റിപ്പോർട്ടും നിരാക്ഷേപ സർട്ടിഫിക്കറ്റുകളുമുണ്ടെങ്കിൽ അവയും പരിഗണിച്ച ശേഷം അപേക്ഷ കിട്ടി 60 ദിവസത്തിനകം അനുവാദം നൽകുന്നതിനോ നിരസിക്കുന്നതിനോ ഗ്രാമപഞ്ചായത്ത് കമ്മറ്റിക്ക് അധികാരമുണ്ട്. (വ. 233(3) അനുവാദം പൂർണ്ണമായോ വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കാവുന്നതാണ്. ഫാക്ടറിയോ വർക്ക്ഷോപ്പോ ജോലിസ്ഥലമോ സ്ഥാപിക്കുന്നതിന് ആദ്യഘട്ടത്തിൽ അനുവാദം നൽകാവുന്നതാണ്. രണ്ടാം ഘട്ടത്തിൽ അനുവാദം നൽകുമ്പോഴും വ്യവസ്ഥകൾ പഞ്ചായത്ത് കമ്മറ്റിക്ക് നിർബന്ധമാക്കാവുന്നതാണ്. കമ്മറ്റി അനുവാദം അപ്പാടെയുള്ള ഏതെങ്കിലും ഘട്ടത്തിലോ നിരസിക്കുമ്പോൾ കാരണങ്ങൾ രേഖപ്പെടുത്തി അപേക്ഷകന് അറിയിപ്പ് കൊടുക്കണം.

നിരാക്ഷേപ സർട്ടിഫിക്കറ്റ് ലഭിച്ചു എന്ന് കരുതി യാന്ത്രികമായ അനുവാദം പഞ്ചായത്ത് നൽകണമെന്നില്ല. കാരണം പഞ്ചായത്ത് നിയമങ്ങൾ അനുസരിച്ച് സമീപപ്രദേശത്തുള്ള ജനസാന്ദ്രത,ഫാക്ടറി നടത്തിപ്പ് കൊണ്ടുണ്ടാകുന്ന ശല്യം തുടങ്ങി പരിശോധിക്കേണ്ടുന്ന നിരവധി കർത്തവ്യങ്ങളും കടമകളും പഞ്ചായത്തിൽ നിക്ഷിപ്തമാണ്. (ജി.ഒ.പി. 6022/96)

| | ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള അംഗൻവാടികൾ | | | | |
|---|---|---|---|---|---|
| ക്രമനം | സെന്റർ നമ്പർ | അംഗൻവാടിയുടെ പേര് | വർക്കറുടെ പേര് | ഹെൽപ്പറുടെ പേര് | ഫോൺ നമ്പർ |
| 1 | 46 | കടലായി എൽ പിസ്കൂൾ | പ്രേമ എൻ | ഉഷ സി | 9400212718 |
| 2 | 47 | കളരിക്കൽ | മഹിജ എൻ | സുനിത | 9526197863 |
| 3 | 48 | പണ്ണേരിമുക്ക് | റീജ കെ | ബേബി | 9567863777 |
| 4 | 49 | ചിറക്കൽ ഗെയിറ്റ് | സുമതി സി | ഗിരിജ | 9495907989 |
| 5 | 50 | പട്ടേപ്പറമ്പ് | മിനി കെ വി | ദേവി സി | 9995748690 |
| 6 | 51 | പുതിയതെരു | റീത്ത | ഷീമ | 9895439103 |
| 7 | 52 | മഹിളസമാജം | ഷീജ എൻ | ഗീത എം | 9447993138 |
| 8 | 53 | മന്ന | ബീന ഒ കെ | കോമളം | 9895584221 |
| 9 | 54 | രാജാസ് യു പി സ്കൂൾ | സുവർണ്ണ കെ | ജയലക്ഷ്മി | 9947427947 |
| 10 | 55 | കടലായിതെരു | കല്യാണികുട്ടി | പി പി ഷൈമ | 9633417825 |
| 11 | 56 | പള്ളിക്കുളം | പുഷ്പലത | ശ്യാമള എം ,സരിത ഇ | 9744572956 |
| 12 | 57 | രാമഗുരു യു പി സ്കൂൾ | ലീന എം | ഭാനുമതി കെ വി | 9526721862 |

| | | | | | |
|---|---|---|---|---|---|
| 13 | 58 | കാഞ്ഞിരത്തറ | ശ്രീമതി | ഷേർളി | 9496732670 |
| 14 | 59 | പുഴാതി സെൻട്രൽ | നളിനി ഇ | ഷീബ കെ | 8157898009 |
| 15 | 60 | ഇടയിൽ പീടിക | ഷീജ കെ പി | സുപ്രിയ | 9544874211 |
| 16 | 61 | ചിറമൂട്ടിൽ | ഷീബ വി | ദീപ | 9656280893 |
| 17 | 62 | ഓണപ്പറമ്പ് | ഇന്ദിര കെ | നിഷ കെ,. രമ്യ എം | 9496858549 |
| 18 | 63 | കുതിരത്തടം | രമ കെ | സീന | 7293988469 |
| 19 | 64 | വള്ളുവൻ കടവ് | മാലിനി | റസീന | 9562419868 |
| 20 | 65 | ബാലൻകിണർ | സുദക്ഷിണ പി പി | ഉഷ | 9633803851 |
| 21 | 66 | കാട്ടാമ്പള്ളി | ജുബൈരിയ | ഖയറുന്നിസ്സ് | 9605702415 |
| 22 | 67 | കോട്ടക്കുന്ന് | സുജാത | സാവിത്രി | 9562319827 |
| 23 | 68 | കാനാടത്ത് | ചന്ദ്രിക സി | റംസീന | 9400574284 |
| 24 | 69 | കീരിയാട് | സീമ | ഫൗസിയ | 9746307156 |
| 25 | 70 | കീരിയാട് | തങ്കം | നാസില | 9567428928 |
| 26 | 71 | കൊല്ലറത്തിക്കൽ | ശ്രീലത | ശോഭന | 8547588812 |
| 27 | 72 | നീരൊഴുക്കുംചാൽ | സരസ എം | ലതിക | 9746549366 |
| 28 | 73 | കല്ല്കെട്ട് ചിറ | ഷൈമ | റാബിയ | 8943240367 |
| 29 | 74 | കുന്നുംകൈ കിഴക്കേമൊട്ട | സുനിത ജി | പുഷ്പജ സി | 9567675033 |
| 30 | 75 | കുന്നുകൈ കിഴക്കേമൊട്ട | സപ്ന എം പി | സുജ കെ | 9526903079 |
| 31 | 76 | അരയമ്പേത്ത് | സുമ | പ്രസന്ന കെ | 9995133971 |
| 32 | 77 | റൈസ് മിൽ | ബേബി | നളിനി | 9400208667 |
| 33 | 78 | കുണ്ടൻചാൽ | ശ്രീജ എം | പ്രസന്ന | 9744633465 |
| 34 | 79 | പനങ്കാവ് | ഷീബ കെ വി | ശ്രീലത ,ഉഷ | 9544897662 |
| 35 | 80 | ആലോട്ട് വയൽ | ബേബി | സിന്ധു | 8157897440 |
| 36 | 81 | കീരിയാട് ലക്ഷംവീട് കോളനി | ബിന്ദു | രജിത | 9995048072 |
| 37 | 82 | കുമ്മോത്ത് അംഗനവാടി | ശ്രീജ ടി വി | ഷീബ | 9947175673 |
| 38 | 83 | ആർ കെ യു പി സ്കൂൾ | ഷീബ ഒ | നളിനി | 9895508221 |
| 39 | 84 | ആയത്താൻ പാറ | ദീപ സി കെ | സിന്ദു | 9746207200 |
| 40 | 85 | ആറാംകോട്ടം | അനിത | പത്മാവതി | 9947538178 |
| 41 | 86 | കല്ലടത്തോട് | അജിത | ബേബി | 8590111294 |
| 42 | 87 | അലവിൽ | മഞ്ജുള | ശ്യാമള | 9142631236 |
| 43 | 88 | കുന്നാവ് | പത്മജ | സുമതി | 9895826260 |

# അംഗൻവാടികൾ വഴി ലഭിക്കുന്ന സേവനങ്ങൾ

| ക്രമനമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരം | പാലിക്കേണ്ട നിബന്ധനകൾ | നിബന്ധന | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | പൂരക പോഷകാഹാരം | അംഗൻവാടിയിൽ | 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് | ഇല്ല |
| 2 | പ്രീസ്കൂൾ വിദ്യാഭ്യാസം (T H R S) | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | 3 വയസ്സ് മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് | ഇല്ല |
| 3 | അനുപൂരക പോഷകാഹാരം | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | 3 വയസ്സ് മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് | ഇല്ല |
| 4 | ഗ്രോത്ത് മോണിറ്ററിംഗ് | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | 0 വയസ്സ് മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് | ഇല്ല |
| 5 | പ്രതിരോധ കുത്തിവെയ്പ്പ് | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | 0 വയസ്സ് മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് | ഇല്ല |
| 6 | ആരോഗ്യ പരിശോധന | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | മാസത്തിലൊരിക്കൽ | ഇല്ല |
| 7 | ആരോഗ്യപോഷക വിദ്യാഭ്യാസം | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | മാസത്തിലൊരിക്കൽ അമ്മമാർ,10 മുതൽ 19 വയസ്സുവരെ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് | ഇല്ല |
| 8 | പോഷകാഹാരം | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | ഗർഭിണികൾ മുലയൂട്ടുന്ന അമ്മമാർ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് | ഇല്ല |
| 9 | ആശ്വാസ കിരണം | ICDS നിന്നും ലഭിക്കുന്ന അപേക്ഷ ഫോറം വഴി | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ പരിചരിക്കുന്നവർക്ക് | ഇല്ല |
| 10 | സമാശ്വാസം | ICDS നിന്നും ലഭിക്കുന്ന അപേക്ഷ ഫോറം വഴി | വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരാകുന്ന വർക്ക് | ഇല്ല |
| 11 | സ്നേഹസ്പർശം | ICDS നിന്നും ലഭിക്കുന്ന അപേക്ഷ ഫോറം വഴി | അവിവാഹിതരായ | ഇല്ല |

# എഞ്ചിനിയറിംഗ് വിഭാഗം

**പൊതുസേവന സാധ്യത**

- പഞ്ചായത്ത് അംഗീകരിക്കുന്ന പദ്ധതികൾ ഗുണഭോക്തൃ സഹകരണത്തോടെ നിർവ്വഹിക്കാൻ ആവശ്യമായ സാങ്കേതിക സേവനം.
- ഗ്രാമപഞ്ചായത്ത്ഓഫീസ്, പഞ്ചായത്തിന്റെ കീഴിൽ വരുന്ന മറ്റ് വിവിധ ഓഫീസ് കെട്ടിടങ്ങൾ എന്നിവ പരിപാലിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള സാങ്കേതികവിദ്യ സഹായങ്ങൾ.
- എല്ലാതരം സാമൂഹ്യ ആസ്തികളുടെയും സംരക്ഷണവും പരിപാലനത്തിനുമുള്ള സാങ്കേതികവിദ്യാസഹായങ്ങൾ,ഇടപെടലുകൾ
- പഞ്ചായത്ത് പ്രദേശത്ത് നടക്കുന്ന സാമൂഹ്യ ആസ്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തി പരിസ്ഥിതി സൗഹാർദ്ദപരമാണെന്ന് ഉറപ്പ് വരുത്തുക.
- ഗ്രാമസഭ തലത്തിൽ വികസന പദ്ധതികൾ രൂപപ്പെടുത്താൻ തക്ക സാങ്കേതിക സഹായം.
- പൊതുവിനിയോഗ സ്ഥലങ്ങളിൽ സംഭവിക്കുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ തക്ക സേവനം
- പഞ്ചായത്തുവക, കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനം വക കെട്ടിടങ്ങൾ, റോഡുകൾ, ഇതര നിർമ്മിതികൾ ഇവയുടെ മരാമത്തിന്റെ നിർവ്വഹണ സഹായ സേവനം.
- വികസന പദ്ധതി രൂപീകരണം, സാങ്കേതിക അനുമതി, വിലയിരുത്തൽ എന്നിവയ്ക്കുള്ള പിന്തുണാ സേവനം.
- മരാമത്ത് നിർവ്വഹണത്തിനായി അസംസ്കൃത വസ്തു സംഭരണം, ഗുണമേന്മ നിരീക്ഷണം, നിർവ്വഹണ മേൽനോട്ട സേവനം.
- നീർത്തട പരിപാലനം, സ്ഥലമാന-വിഭവ ഭൂപട നിർമ്മിതി, പദ്ധതി ആസൂത്രണം എന്നിവക്കാവശ്യമായ സേവനം, അവയുടെ പുതുക്കൽ പ്രവർത്തന സേവനം.
- ഗ്രാമസഭയുടെ എക്സ്ഓഫീഷ്യോ സെക്രട്ടറി/പഞ്ചായത്തിന്റെ എക്സ്ഓഫീഷ്യോ, സെക്രട്ടറി എന്നിവരുടെ സേവനം
- വികസന കർമ്മസമിതി കൺവീനർ / സാങ്കേതിക ഉപദേശക സമിതി അംഗം എന്നീ നിലക്കുള്ള സേവനം.
- സാങ്കേതിക ഗൗരവും അർഹിക്കുന്ന ആക്ഷേപങ്ങൾ, ഹരജികൾ തീർപ്പാക്കുന്നതിലുള്ള വിദഗ്ദ്ധ സേവനം.
- മരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, അളവെടുക്കൽ, ബില്ലുകൾ, തയ്യാറാക്കൽ, നിർവ്വഹണ മേൽനോട്ടം, ആവശ്യമെങ്കിൽ പരിഷ്കരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കൽ .
- പഞ്ചായത്തിന് സമർപ്പിക്കുന്ന അപേക്ഷ പ്രകാരം പൗരന്മാർ ആവശ്യപ്പെടുന്ന മരാമത്ത് സംബന്ധിതമായ രേഖകൾ പഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശാനുസരണം പകർപ്പായോ പരിശോധക്കോ ലഭ്യമാക്കുക.
- കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ2019 പ്രകാരമുള്ള ചുമതലകൾ.
- ലൈഫ് മിഷൻ,ശുചിത്വ മിഷൻ പദ്ധതികൾക്ക് സമയോചിതമായി എൻ ഒ സി നൽകുക
- കാലവർഷക്കെടുതി നഷ്ടപരിഹാര അപേക്ഷയിൻമേൽ നടപടി എടുക്കുക
- കെട്ടിടങ്ങളുടെ വാല്യുയേഷൻ

# *ഗ്രാമവികസനം*

## *വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ*

***ഭവനനിർമ്മാണത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ്***

വെള്ളക്കടലാസിൽ അപേക്ഷ സമർപ്പിക്കണം. സ്ഥലവും നിർമ്മാണവും പരിശോധിച്ച് ശേഷം 7 ദിവസത്തിനകം ലഭിക്കും.

***ഭവനനിർമ്മാണം, കക്കൂസ് നിർമ്മാണം എന്നിവയുടെ സബ്സിഡി***

- നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകണം. നേരിൽ പരിശോധന, മോണിറ്ററിംഗ് കമ്മറ്റിയുടെ ശുപാർശ എന്നിവയനുസരിച്ച് ഫണ്ടിന്റെ ലഭ്യത പ്രകാരം തുക നൽകും. പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചവർക്ക് മാത്രം.

***ബി.പി.എൽ.സർട്ടിഫിക്കറ്റ്***

- സർവ്വേ നടത്തി തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിലുൾപ്പെടാത്തവർക്ക് റേഷൻ കാർഡ് പ്രകാരം ബി.പി.എൽ. കുടുംബമാണെങ്കിൽ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കൽ.

***കേന്ദ്രാവിഷ്കൃത പദ്ധതികൾ***

- മുതലായ പദ്ധതികൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നനിർദ്ദേശങ്ങൾക്കനുസരിച്ച് സേവനം ലഭിക്കുന്നതാണ്.

കൃഷിഭവൻ സേവനങ്ങൾ വഴി ലഭിക്കുന്ന സേവനങ്ങൾ

# കൃഷിഭവൻ

( ചിറക്കൽ)

## ജീവനക്കാരുടെ പ്രധാന ചുമതലകളും നിർവ്വഹണ മേഖലകളും

| തസ്തിക | | |
|---|---|---|
| | കൃഷി ഓഫീസർ : | റമീസ ഇ എം |
| | അസിസ്റ്റന്റ് കൃഷി ഓഫീസർ : | രാജീവൻ |

**വൈദ്യുതി കണക്ഷന് മുൻഗണന ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്**

കൃഷി ആവശ്യത്തിനായി പമ്പ്സെറ്റ് സ്ഥാപിക്കുമ്പോൾ വെള്ളക്കടലാസിൽ അപേക്ഷ, നികുതി രസീത്, പമ്പ് ഹൗസിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, രേഖ എന്നിവ നൽകണം. 6 ദിവസത്തിനകം ലഭിക്കും

**മണ്ണ് പരിശോധന**

നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ, ശാസ്ത്രീയമായി ശേഖരിച്ച 500 ഗ്രാം മണ്ണ് തണലത്തുണക്കി പോളിത്തീൻ കവറിൽ നിറച്ച്, അപേക്ഷകന്റെ പേര്, വിലാസം, കൃഷിഭൂമിയുടെ വിസ്തീർണ്ണം, വിളകളുടെ വിവരം, എന്നിവ ബോൾ പേന കൊണ്ട് എഴുതി മണ്ണുമായി ചേരാത്ത വിധത്തിൽ കവറിൽ ഉൾക്കൊള്ളിച്ചിരിക്കണം. പരിശോധന ശാലയിൽ നിന്നും റിസൾട്ട് വരുന്ന മുറയ്ക്ക് ലഭിക്കും.

**കൃഷി നാശത്തിന് നഷ്ടപരിഹാരം**

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശത്തിന് നഷ്ടം സംഭവിച്ച് 24 മണിക്കൂറിനുള്ളിൽ പ്രഥമ വിവര റിപ്പോർട്ട് ലഭിച്ചിരിക്കണം. 2 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ 2 കോപ്പി അപേക്ഷ നൽകണം. കൈവശ സർട്ടിഫിക്കറ്റ് / പാട്ട എഗ്രിമെന്റ്, നികുതി രശീതി, വരുമാന സർട്ടിഫിക്കറ്റ് എന്നിവ വേണം. വരുമാനം 20000 രൂപയിൽ കൂടരുത്. 2 ഹെക്ടർ ഭൂമിക്ക് മുകളിൽ വരുമാന പരിധി 10000 രൂപയാണ്. സ്ഥലം പരിശോധന നടത്തി എന്ന് അപേക്ഷകൻ ഉറപ്പ് വരുത്തിയിരിക്കണം. ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് ലഭിക്കും.

**നെല്ലുൽപാദന ബോണസ്**

നിർദ്ദിഷ്ട ഫോറത്തിൽ നികുതി രശീത് സഹിതം പാടശേഖര സമിതി മുഖേന ഞാറുനട്ട് ഒരു മാസത്തിന് ശേഷം / കൊയ്തെടുക്കുന്നതിന്റെ ഒരുമാസം മുമ്പ് നൽകണം. ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് ലഭിക്കും.

**വിജ്ഞാന വ്യാപനം**

കീടബാധ, രോഗബാധ, വളപ്രയോഗം മുതലായവ സംബന്ധിച്ച് നേരിൽ കൃഷിഓഫീസറെ സമീപിക്കണം. അന്നു തന്നെ സേവനം ലഭിക്കും. തോട്ടം സന്ദർശിച്ച് ഉപദേശം ലഭിക്കണമെങ്കിൽ വെള്ള പേപ്പറിൽ വിശദവിവരങ്ങൾ കാണിച്ച് അപേക്ഷ നൽകണം. 7 ദിവസത്തിനുള്ളിൽ ലഭിക്കും.

## നടീൽ വസ്തുക്കൾ

പ്രത്യേക പദ്ധതിയനുസരിച്ച് ലഭ്യമാകുമ്പോൾ വിതരണം ചെയ്യും. വെള്ള പേപ്പറിൽ അപേക്ഷയും സ്വന്തം വിലാസവുമെഴുതിയ കാർഡും നൽകണം.

## പദ്ധതിയാനുകൂല്യങ്ങൾ

ജനകീയാസൂത്രണ പദ്ധതിയിലെ പ്രൊജക്ടുകൾ പ്രകാരം അംഗീകരിച്ച നിബന്ധനകൾക്ക് വിധേയമായി ലഭിക്കും. അപേക്ഷയോടൊപ്പം നികുതിച്ചീട്ട്, ബേങ്ക്അക്കൗണ്ട് പാസ് ബുക്ക് കോപ്പി നിർബന്ധമാണ്. കാർഷിക പ്രവർത്തനകലണ്ടർതയ്യാറാക്കി യഥാസമയം നൽകും

## ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ

അസൽ സഹിതം ഹാജരാക്കണം. തത്സമയം തന്നെ ലഭിക്കും.

## നഴ്സറി, വളം, കീടനാശിനി വിൽപ്പന ഇവയുടെ ലൈസൻസ്

നിർദ്ദിഷ്ട അപേക്ഷ സമർപ്പിക്കണം. ഒരാഴ്ചക്കകം തീർപ്പാക്കുന്നതാണ്.

---

# കൃഷിഭവൻ വഴി ലഭിക്കുന്ന സേവനങ്ങൾ

1. വിവിധ വിളകൾക്ക് ശാസ്ത്രീയ കൃഷി രീതിയെ കുറിച്ചും രോഗ കീട നിയന്ത്രണത്തെക്കുറിച്ചുമുള്ള സാങ്കേതിക പരിഞ്ജാനം നൽകുന്നു.
2. ശാസ്ത്രീയമായി മണ്ണ് പരിശോധന നടത്തി വളപ്രയോഗം രീതികളെപ്പറ്റിയുള്ള ബോധവൽക്കരണം.
3. കാർഷിക പരിശീലന പരിപാടികൾ.
4. നടീൽ വസ്തുക്കളുടെ വിതരണം.
5. പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾക്കുള്ള നാശനഷ്ടങ്ങൾക്ക് നഷ്ട പരിഹാരം ലഭ്യമാക്കൽ
6. കാർഷിക വിളകൾക്കുള്ള ഇൻഷൂറൻസ് പദ്ധതികൾ.
7. കൃഷി വകുപ്പിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴി കർഷകർക്കുള്ള ആനുകൂല്യങ്ങളുടെ വിതരണം.
8. ജനകീയാസൂത്രണം കാർഷിക പദ്ധതികൾ നടപ്പിലാക്കൽ.
9. കാർഷികാവശ്യത്തിനുള്ള ഇലക്ട്രിസിറ്റി കണക്ഷനുള്ള സർട്ടിഫിക്കറ്റുകൾ നൽകൽ.
10. കാർഷിക വൈദ്യുതി സൗജന്യ പദ്ധതി.
11. കാർഷിക ഉൽപ്പന്നങ്ങളുടെ സംരക്ഷണത്തിന് സർട്ടിഫിക്കറ്റുകൾ നൽകൽ.
12. ബയോഗ്യാസ് വികസനം, മണ്ണെണ്ണ പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ ശുപാർശ ചെയ്യൽ.
13. കേര കർഷകൻ മാസിക വഴി വിജ്ഞാന വ്യാപനം.
14. വളം കീടനാശിനി ലൈസൻസിനുള്ള അപേക്ഷ ശുപാർശ ചെയ്യൽ ഗുണനിലവാര പരിശോധന

---

| ക്രമ നം | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സമയപരിധി | അടക്കേണ്ട ഫീസ് |
|---|---|---|---|---|
| 1 | വിവിധ കാർഷിക വിളകളും കാർഷിക വിളകളുടെകീട രോഗ പരിശോധനയും നിയന്ത്രണമാർഗ്ഗങ്ങളുടെ ശുപാർശയും | ആഫീസ് സമയങ്ങളിൽ കൃഷി ഭവനിൽ ബന്ധപ്പെടുക | തത്സമയം | ഇല്ല |
| 2 | മണ്ണ് പരിശോധന – തദനുസരണമായ വിള പരിപാലന ശുപാർശ | നിർദ്ദേശാനുസരണം ശേഖരിച്ച മണ്ണ് സാമ്പിൾ, കൃഷിയിടത്തിന്റെ വിവരം, വിള വിവരം കൃഷിക്കാരന്റെ ശരിയായ മേൽവിലാസം എന്നിവ കൃഷിഭവനിൽ ഏൽപ്പിക്കുക. | 1 മാസം | ഇല്ല |
| 3 | അടിയന്തിര മണ്ണ് പരിശോധനാഫലം ലഭിക്കാൻ കണ്ണൂർ സോയിൽ ടെസ്റ്റിംഗ് ലബോറട്ടറിയിലേക്കുള്ള കൃഷി ഓഫീസറുടെ ശുപാർശ | നിർദ്ദേശാനുസരണം ശേഖരിച്ച സാമ്പിൾ, കൃഷിയിടത്തിന്റെ വിവരം വിള വിവരം കൃഷിക്കാരന്റെ ശരിയായ മേൽ വിലാസം എന്നിവ സഹിതം ഓഫീസ് സമയങ്ങളിൽ കൃഷിഭവനിൽ ബന്ധപ്പെടുക. | തത്സമയം | ഇല്ല |
| 4 | സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ യൂണിറ്റിന്റെ സേവനം | ചുരുങ്ങിയത് 60 സാമ്പിളുകളിൽ കുറയാതെ മേൽ പറഞ്ഞ പ്രകാരം പരിശോധിക്കേണ്ടി വരുമ്പോൾ കൃഷിഭവനുമായി ബന്ധപ്പെടുക. | തത്സമയം | ഇല്ല |
| 5 | പ്രകൃതി ക്ഷോഭം മൂലം കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നഷ്ട പരിഹാരം ലഭിക്കുവാൻ | നഷ്ടം സംഭവിച്ച് 10 ദിവസങ്ങൾക്കുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ 2 കോപ്പി അപേക്ഷ സമർപ്പിക്കണം (ഫോറം കൃഷിഭവനിൽ ലഭ്യമാണ്)നഷ്ടംതിട്ടപ്പെടുത്തി | 10 ദിവസത്തിനുള്ളിൽ ശുപാർശ ചെയ്യും | ഇല്ല |
| 6 | വിള ഇൻഷുറൻസ് (നെല്ല്, തെങ്ങ്, വാഴ, കവുങ്ങ് കശുവണ്ടി, കുരുമുളക്, റബ്ബർ, മരച്ചീനി, മഞ്ഞൾ ഇഞ്ചി, പച്ചക്കറി) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 3 കോപ്പി, വിളകൾക്ക് നിശ്ചയിച്ച പ്രീമിയം തുക എന്നിവയോടുകൂടി കൃഷി ഭവനുമായി ബന്ധപ്പെടുക. | 7 ദിവസം | ഇല്ല |
| 7 | കാർഷിക ആവശ്യത്തിന് വൈദ്യുതി ലഭിക്കുന്നതിന് ഉള്ള മുൻഗണനാ മാർഗ്ഗം | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ, കൃഷി ഓഫീസർക്ക് സമർപ്പിക്കണം | 5 ദിവസം | ഇല്ല |
| 8 | നെൽകൃഷിക്കുള്ള ഉൽപാദന ബോണസ്സ് | പാടശേഖര സമിതികൾ മുഖാന്തിരം ഓരോ വിളക്കും പ്രത്യേകം നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സമർപ്പിക്കണം) | ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് | ഇല്ല |
| 9 | അത്യുൽപാദന ശേഷിയുള്ള വിത്തുകളും നടീൽ വസ്തുക്കളും വിതരണം | വിളയിറക്കുന്നതിനു മുമ്പായി കൃഷി ഭവനുമായി ബന്ധപ്പെടുക | – | |
| 10 | കർഷകാ രക്ഷാ ഇൻഷുറൻസ് | 18 നും 70 നും മദ്ധ്യേ പ്രായമുള്ള കർഷകർക്ക് | അംഗത്വം ലഭിച്ച ഉടനെ 30 ദിവസം | ഇല്ല |

# കുടുംബ ആരോഗ്യ കേന്ദ്രം

**( ചിറക്കൽ )**

**സബ്സെന്ററുകൾ : 7**

**തസ്തിക**

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ | : | 1 |
| അസിസ്റ്റന്റ് സർജൻ | : | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ | : | 1 |
| പബ്ലിക് ഹെൽത്ത് നഴ്സ് | : | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ Gr.I | : | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ Gr.II | : | 3 |
| പബ്ലിക് ഹെൽത്ത് നഴ്സ് Gr.I | : | 4 |
| പബ്ലിക് ഹെൽത്ത് നഴ്സ് Gr.II | : | 3 |
| നേഴ്സിംഗ് ഓഫീസർ | : | 3 |
| MLSP | : | 1 |
| ക്ലർക്ക് | : | 1 |
| ഓഫീസ് അസിസ്റ്റന്റ് | : | 1 |
| ഫാർമസിസ്റ്റ് | : | 1 |
| ലാബ് ടെക്നീഷ്യൻ | : | 0 |
| ഹോസ്പിറ്റൽ അറ്റന്റന്റ് Gr.II | : | 1 |
| പാർട്ട് ടൈം സ്വീപ്പർ | : | 1 |
| പാലിയേറ്റീവ് നഴ്സ് | : | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | : | 2 |

## *ജീവനക്കാരുടെ പ്രധാന ചുമതലകളും നിർവ്വഹണ മേഖലകളും*

കുഞ്ഞുങ്ങൾക്കുള്ള പ്രതിരോധകുത്തിവെയ്പ്പുകൾ, ഡി.പി.ടി., പോളിയോ, ബി.സി.ജി., മീസിൽസ്, ഹെപ്പറ്റൈറ്റിസ്, റ്റി.റ്റി എന്നീ കുത്തിവെപ്പുകൾ ലഭ്യമാണ്. ഇവ മുൻകൂട്ടി തീരുമാനിക്കുന്ന ദിവസങ്ങളിൽ മാത്രമേ കൊടുക്കുകയുള്ളൂ. കുട്ടികൾക്ക് വൈറ്റമിൻ എ സിറപ്പും നൽകുന്നതാണ്. ആഴ്ചയിൽ ഒരു ദിവസം ഗർഭിണികൾക്കുള്ള പരിശോധന ജൂനിയർ പി.എച്ച്.എൻ. നടത്തുന്നതാണ്. ഓരോ സബ്സെന്ററിലും ആഴ്ചയിൽ ഒരു ദിവസം ഇതിനുവേണ്ടി നീക്കിവെച്ചിരിക്കുന്നു. ഗർഭിണികൾക്ക് ഐ.എഫ്.എ ഗുളികകൾ സൗജന്യമായി നൽകുന്നതാണ്. കുടുംബാസൂത്രണവുമായി ബന്ധപ്പെട്ട ചികിത്സയും ഉപദേശങ്ങളും നൽകി വരുന്നു. ജെ.പി.എച്ച്.എൻ. മാരുടെ സേവനം അതാത് സെന്ററുകളിൽ ഉച്ച കഴിഞ്ഞ് 2 മുതൽ 4 വരെ ലഭ്യമായിരിക്കും.

**സന്ദർശന പരിപാടി**

രാവിലെ 9 മണിമുതൽ ഉച്ചക്ക് 1 മണി വരെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ വീടുകളിൽ സന്ദർശനം നടത്തുന്നു. ഗർഭിണികളെ പരിശോധിക്കൽ, ഐ.എഫ്.എ. വിതരണം, കിണർ, ക്ലോറിനേഷൻ, പകർച്ച വ്യാധികളെ കണ്ടെത്തൽ, കുട്ടികളുടെ ആരോഗ്യക്ഷേമാന്വേഷണം, ആരോഗ്യവിദ്യാഭ്യാസ സെൻസസ്, ആരോഗ്യ സംബന്ധമായ നിരീക്ഷണം എന്നിവ അവരുടെ ജോലിയിൽ ഉൾപ്പെടുന്നു. കുട്ടികളുടെ പ്രതിരോധ ചികിത്സക്കുവേണ്ടി രക്ഷിതാക്കളെ പ്രേരിപ്പിക്കുക, ഗർഭിണികളേയും മറ്റും ചികിത്സക്കു വേണ്ടി പ്രേരിപ്പിക്കുക എന്നീ ജോലികളും ഇവർ ചെയ്യുന്നു. അംഗൻവാടി സന്ദർശനവും ഇവരുടെ ജോലിയിൽ പെട്ടതാണ്. സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി കുട്ടികളെ പരിശോധിക്കലും ആരോഗ്യ വിദ്യാഭ്യാസം നൽകലും നടത്തി വരുന്നു.

**ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനങ്ങൾ**

ഗർഭിണികളുടെ പരിശോധന ഒഴിച്ച് ബാക്കി മുകളിൽ പറഞ്ഞ എല്ലാ സേവനങ്ങളും ഇവരും ചെയ്യുന്നു. ഇതുകൂടാതെ മലമ്പനിയുടെ ആക്ടീവ് സർവ്വൈലൻസും ഇവർ നടത്തുന്നു. ഹോട്ടലുകൾ, അറവുശാലകൾ, ബേക്കറികൾ എന്നിവ ഇൻസ്പെക്ഷൻ നടത്തി നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കൽ ഇവരുടെ ജോലിയിൽ ഉൾപ്പെടുന്നു. ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

**മറ്റുള്ളവ**

ഓരോ സബ്സെന്ററിന് കീഴിലുള്ള ഗർഭിണികൾക്കും എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ബി.പി.എൽ./ എ.പി.എൽ. പരിഗണന കൂടാതെയും പ്രസവ സമയത്ത് 700 രൂപയും വീട്ടിൽ വെച്ചാണ്

പ്രസവിക്കുന്നതെങ്കിൽ 500 രൂപയും നൽകുന്നു. നിശ്ചിത അപേക്ഷാഫോറം ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, ബി.പി.എൽ. സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. (ജെ.പി.എച്ച്.എൻ.മാരുടെ പക്കൽ രജിസ്റ്റർ ചെയ്തിരിക്കണം

| | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സമയപരിധി | അടക്കേണ്ട ഫീസ് |
|---|---|---|---|---|
| 1 | ഡോക്ടറുടെ സേവനം | രാവിലെ 8 മണിമുതൽ വൈകുന്നേരം 6 മണിവരെ രോഗ പരിശോധനയുംചികിത്സയും | തൽസമയം | ഇല്ല |
| 2 | മെഡിക്കൽ സർട്ടിഫിക്കറ്റ് | ആവശ്യക്കാരൻ ഡ്യൂട്ടി സമയത്ത് നേരിട്ട് ഡോക്ടറെ സമീപിക്കജശ | തൽസമയം | ഇല്ല |
| 3 | ഏജ് സർട്ടിഫിക്കറ്റ് | റേഷൻകാർഡ് അല്ലെങ്കിൽ ഐഡന്റിറ്റി സർട്ടിഫിക്കറ്റ് സഹിതം ആവശ്യക്കാരൻ ഡ്യൂട്ടി സമയത്ത് നേരിട്ട് ഡോക്ടറെ സമീപിക്കുക. | തൽസമയം | ഇല്ല |
| 4 | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | ഒപ്പ് സാക്ഷ്യപ്പെടുത്താൻ ഡ്യൂട്ടി സമയത്ത് നേരിട്ട് ഹാജരായി ഒപ്പ് ആവശ്യമുള്ള രേഖയിൽ ഡോക്ടറുടെ മുമ്പാകെ ഒപ്പിടുക. പകർപ്പ് സാക്ഷ്യപ്പെടുത്താൻ അസ്സലും പകർപ്പും നേരിട്ട് ഹാജരാക്കുക | തൽസമയം | ഇല്ല |
| 5 | കുടുംബാസൂത്രണ പ്രവർത്തനങ്ങൾ | അർഹരായ ദമ്പതികൾ പ്രവർത്തി സമയങ്ങളിൽ ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക | തൽസമയം | ഇല്ല |
| 6 | കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെപ്പ് | | തൽസമയം | ഇല്ല |
| | (1) ബി.സി.ജി. | മാസത്തിലെ അവസാനത്തെ ബുധനാഴ്ച ഡ്യൂട്ടി സമയത്ത് കുട്ടിയെ ആരോഗ്യ കേന്ദ്രത്തിൽ എത്തിക്കുക. | തൽസമയം | ഇല്ല |
| | (2) ഡി.പി.ടി., പോളിയോ | എല്ലാ ബുധനാഴ്ചയും ഡ്യൂട്ടി സമയത്ത് കുട്ടിയെ ആരോഗ്യ കേന്ദ്രത്തിൽ എത്തിക്കുക. | തൽസമയം | ഇല്ല |
| | (3) മീസിൽസ് വാക്സിൻ | കുട്ടിക്ക് 9 മാസം പൂർത്തിയായാലുടൻ അടുത്ത ബുധനാഴ്ചയും ഡ്യൂട്ടി സമയത്ത് കുട്ടിയെ ആരോഗ്യ കേന്ദ്രത്തിൽ എത്തിക്കുക. | തൽസമയം | ഇല്ല |
| | (4) വിറ്റാമിൻ എ, തുള്ളി മരുന്ന് | 3 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് 6 മാസം ഇടവിട്ട് 5 ഡോസ് ആദ്യ ഡോസ് 10–ാം മാസം നൽകത്തക്ക വിധം കുട്ടിയെ ആരോഗ്യ കേന്ദ്രത്തിൽ എത്തിക്കുക. | തൽസമയം | ഇല്ല |
| 7 | ഗർഭിണികൾക്ക് ടെറ്റനെസ്സിനെതിരെയുള്ള കുത്തിവെയ്പ്പ് | ഡ്യൂട്ടി സമയത്ത് നേരിട്ട് ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക. | തൽസമയം | ഇല്ല |
| 8 | വിളർച്ചയ്ക്കെതിരെയുള്ള അയേൺ ഗുളികകൾ | വളർച്ച ബാധിച്ച കുട്ടികളും, മുതിർന്നവരും ആരോഗ്യകേന്ദ്രത്തിൽ സമീപിക്കുക. | തൽസമയം | ഇല്ല |
| 9 | ദേശീയ രോഗ നിയന്ത്രണ പരിപാടി അനുസരിച്ച് ക്ഷയം, കുഷ്ഠം, മലമ്പനി, മന്ത്, വയറിളക്ക രോഗങ്ങൾ എന്നിവയ്ക്കുള്ള പ്രത്യേക ചികിത്സ | ഡ്യൂട്ടി സമയത്ത് നേരിട്ട് ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക. | തൽസമയം തുടർച്ചയായ ചികിത്സയ്ക്ക് സൗകര്യം ഉണ്ടാവും | ഇല്ല |
| 10 | വയറിളക്ക രോഗ നിയന്ത്രണത്തിന് ക്ലോറിനേഷൻ, ഒ.ആർ.എസ്സ്. വിതരണം | ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക. | തൽസമയം | ഇല്ല |

| | | | | |
|---|---|---|---|---|
| 11 | ഒ പി ക്ലിനിക്ക് 9 മുതൽ 6 വരെ | ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക | തൽസമയം | ഇല്ല |
| 12 | മരുന്ന് വിതരണം സൗജന്യം | ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക | തൽസമയം | ഇല്ല |
| 13 | ബി പി എൽ ഉടമകൾക്ക് ഒ പി സേവനം ,ലാബ് സേവനം സൗജന്യം | ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക | തൽസമയം | ഇല്ല |
| 14 | ലാബ് സേവനങ്ങൾ 8മണി മുതൽ 4 മണി വരെ | ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക | തൽസമയം | ഇല്ല |
| 15 | ഗർഭിണികൾക്ക് തിങ്കൾ | ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക | തൽസമയം | ഇല്ല |
| 16 | വയോജനം ക്ലിനിക്ക് വെള്ളിയാഴ്ച | ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക | തൽസമയം | ഇല്ല |
| 17 | കൗമാര സൗഹൃദ ക്ലിനിക്ക് ശനിയാഴ്ച | ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക | തൽസമയം | ഇല്ല |
| 18 | വിഷാദ രോഗ ക്ലിനിക്ക് ചൊവ്വാഴ്ച | ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക | തൽസമയം | ഇല്ല |
| 19 | ക്വാസ് ക്ലിനിക്ക് വ്യാഴായ്ച | ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക | തൽസമയം | ഇല്ല |
| 20 | കാഴ്ച പരിശോധന ക്ലിനിക്ക് തിങ്കൾ | ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക | തൽസമയം | ഇല്ല |

## ഫീൽഡ് വിഭാഗം

- പാലിയേറ്റിവ് പരിചരണം
- സാന്ത്വന പരിചരണം
- ഗർഭിണികളുടെ രജിസ്ട്രേഷൻ
- നവജാത ശിശുക്കളുടെ രജിസ്ട്രേഷൻ
- കുട്ടികളുടെ പ്രതിരോധകുത്തിവെപ്പ്
- ബുധനാഴ്ച എഫ് എച്ച് സി യിലും ആഴ്ചയിൽ ഒരുദിവസം സബ്സെന്ററിലും

# ആയുർവ്വേദ ഡിസ്പെൻസറി

**(ചിറക്കൽ)**

| തസ്തിക | | |
|---|---|---|
| | മെഡിക്കൽ ഓഫീസർ | :1 |
| | ഫാർമസിസ്റ്റ് | :1 |
| | അറ്റന്റർ | :1 |
| | പാർട്ട് ടൈം സ്വീപ്പർ | :1 |

**ജീവനക്കാരുടെ പ്രധാന ചുമതലകളും നിർവ്വഹണ മേഖലകളും**

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | പാലിക്കേണ്ട നിബന്ധനങ്ങൾ | സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | ഡോക്ടറുടെ സേവനം | രാവിലെ 9 മണിമുതൽ 1 മണി വരെയും ചികിത്സാ സൗകര്യം ലഭ്യമാണ് | തത്സമയം | ഇല്ല |
| 2 | മെഡിക്കൽ സർട്ടിഫിക്കറ്റ് | ആവശ്യക്കാർ ഡ്യൂട്ടി സമയത്ത് നേരിട്ട് ഹാജരാവുക. | തത്സമയം | ഇല്ല |
| 3 | ലൈഫ് സർട്ടിഫിക്കറ്റ് | ആവശ്യക്കാരൻ പെൻഷൻ പേമെന്റ് സഹിതം നേരിട്ട് ഡോക്ടറെ സമീപിക്കുക. | തത്സമയം | ഇല്ല |
| 4 | ഏജ് സർട്ടിഫിക്കറ്റ് | റേഷൻകാർഡ് അല്ലെങ്കിൽ ഐഡന്റിറ്റി സർട്ടിഫിക്കറ്റ് സഹിതം ആവശ്യക്കാരൻ ഡ്യൂട്ടി സമയത്ത് നേരിട്ട് ഡോക്ടറെ സമീപിക്കുക. | തത്സമയം | ഇല്ല |
| 5 | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | ഒപ്പു സാക്ഷ്യപ്പെടുത്താൻ ഡ്യൂട്ടി സമയത്ത് നേരിട്ട് ഹാജരാവുക. പകർപ്പ് സാക്ഷ്യപ്പെടുത്തുവാൻ അസ്സലും പകർപ്പും സഹിതം നേരിട്ട് ഹാജരാവുക. | തത്സമയം | ഇല്ല |

# വെറ്റിനറി ഡിസ്പെൻസറി, മന്ന

| തസ്തിക | | |
|---|---|---|
| | വെറ്റിനറി സർജൻ | : 1 |
| | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | : 1 |
| | അറ്റൻ്റന്റ് | : 1 |
| | പാർട്ട് ടൈം സ്വീപ്പർ | : 1 |

## ജീവനക്കാരുടെ പ്രധാന ചുമതലകളും നിർവ്വഹണ മേഖലകളും

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | പാലിക്കേണ്ട നിബന്ധനങ്ങൾ | സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | മൃഗങ്ങൾക്കുള്ള രോഗ നിർണ്ണയവും, ചികിത്സയും മരുന്ന് നൽകലും നിർണ്ണയവും, ചികിത്സയും | രാവിലെ 9 മണി മുതൽ 3 മണി വരെയും ഞായറാഴ്ച 9 മണി മുതൽ 12 മണിവരെയും അവധി ദിവസങ്ങളിൽ 9 മണി മുതൽ 1 മണി വരെയും | തൽസമയം | കന്നുകാലികൾക്ക് സൗജന്യം ഓമനമൃഗങ്ങൾക്ക് 5രൂപ |
| 2 | പകർച്ച വ്യാധികൾ ക്കെതിരെയുള്ള രോഗപ്രതിരോധ കുത്തിവെയ്പ്പ് | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തൽസമയം | ഇല്ല |
| 3 | കന്നുകാലികളുടെ ഗർഭ പരിശോധനയും വന്ധ്യത നിവാരണ ചികിത്സയും | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തൽസമയം | ഇല്ല |
| 4 | വളർത്തു നായ്ക്കൾക്ക് പേവിഷബാധക്കെതിരെയുള്ള കുത്തിവെപ്പ് നടത്തി സർട്ടിഫിക്കറ്റ് നൽകൽ | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിച്ച് കുത്തിവെപ്പിനുള്ള വാക്സിൻ ലഭ്യമാക്കുക. | തൽസമയം | ഇല്ല |
| 5 | ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണം | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തൽസമയം | ഇല്ല |
| 6 | പശു,എരുമ എന്നിവക്കുള്ള കൃത്രിമ ബീജധാനം | മദിലക്ഷണം തുടങ്ങി 12 മണിക്കൂറിനുള്ളിൽ ഡോക്ടറെ സമീപിക്കുക | തൽസമയം | ഇല്ല |
| 7 | വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് നടത്തുക | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തൽസമയം | ഇല്ല |
| 8 | പുതിയ സ്വയം തൊഴിൽ തുടങ്ങാനുള്ള സാങ്കേതിക ഉപദേശ നിർദ്ദേശങ്ങൾ | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തൽസമയം | ഇല്ല |
| 9 | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | ഒപ്പു സാക്ഷ്യപ്പെടുത്താൻ ഡ്യൂട്ടി സമയത്ത് നേരിട്ട് ഹാജരാവുക. | തൽസമയം | ഇല്ല |

# ചിറക്കൽ ഗ്രാമപഞ്ചായത്ത്
## ഭരണസമിതി അംഗങ്ങൾ 2020–2025

| ജനപ്രതിനിധി | സ്ഥാനം | വാർഡ് | വാർഡിന്റെ പേര് | സംവരണം |
|---|---|---|---|---|
| ശ്രുതി പി | പ്രസിഡണ്ട് | 14 | മുക്കിലെ പീടിക | വനിത |
| അനിൽകുമാർ പി | വൈസ് പ്രസിഡണ്ട് | 17 | പുതിയതെരു മണ്ഡപം | ജനറൽ |
| മോളി ടി കെ | ചെയർ പേഴ്സൺ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിററി | 16 | ചാലുവയൽ | വനിത |
| ശശീന്ദ്രൻ എൻ | ചെയർമാൻ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 10 | ഓണപ്പറമ്പ് | ജനറൽ |
| വത്സല കെ | ചെയർ പേഴ്സൺ ആരോഗ്യ,വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിററി | 13 | പനങ്കാവ് | വനിത |
| ജിഷ പി | മെമ്പർ | 1 | റെയിൽ വേകട്ടിംഗ് | വനിത |
| സിന്ധു കെ വി | മെമ്പർ | 2 | മന്ന | എസ് സി |
| സീമ പി വി | മെമ്പർ | 3 | പട്ടുവതെരു | വനിത |
| കെ കെ നാരായണൻ | മെമ്പർ | 4 | പുഴാതി | ജനറൽ |
| സുജീറ | മെമ്പർ | 5 | കീരിയാട് | വനിത |
| കെ സുരിജ | മെമ്പർ | 6 | ബാലൻകിണർ | വനിത |
| ഹസ്നാഫ് കെ വി | മെമ്പർ | 7 | കാട്ടാമ്പള്ളി | ജനറൽ |
| പി അജയകുമാർ | മെമ്പർ | 8 | കോട്ടക്കുന്ന് | ജനറൽ |
| പ്രസാദ് പി | മെമ്പർ | 9 | പുഴാതി അമ്പലം | ജനറൽ |
| ഗൗരി കെ വി | മെമ്പർ | 11 | കാഞ്ഞിരത്തറ | വനിത |
| അനീഷ്കുമാർ പി | മെമ്പർ | 12 | അരയമ്പേത്ത് | ജനറൽ |
| റീന അനിൽ | മെമ്പർ | 15 | പുതിയതെരു | വനിത |

| | | | | |
|---|---|---|---|---|
| ലത കെ | മെമ്പർ | 18 | കടലായി | വനിത |
| അനില പി വി | മെമ്പർ | 19 | ആർപ്പാംതോട് | വനിത |
| ടി പി സായ്കിരൺ | മെമ്പർ | 20 | അലവിൽ സൗത്ത് | ജനറൽ |
| റീന സി വി | മെമ്പർ | 21 | ആറാംകോട്ടം | വനിത |
| ടി എം സുരേന്ദ്രൻ | മെമ്പർ | 22 | അലവിൽ നോർത്ത് | ജനറൽ |
| ടി സുജിത്ത് കുമാർ | മെമ്പർ | 23 | പുതിയപറമ്പ് | ജനറൽ |

# ഭരണസമിതി



ശ്രുതി പി
പ്രസിഡണ്ട്



അനിൽകുമാർ പി
വൈസ് പ്രസിഡണ്ട്



മോളി ടി കെ
ചെയർ പേഴ്സൺ
വികസനകാര്യ
സ്റ്റാന്റിംഗ് കമ്മിററി



ശശീന്ദ്രൻ എൻ
ചെയർമാൻ
ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



വത്സല കെ
ചെയർ പേഴ്സൺ
ആരോഗ്യ,വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിററി



ജിഷ പി
മെമ്പർ, വാർഡ് 1



ജിഷ പി
മെമ്പർ, വാർഡ് 2



സീമ പി വി
മെമ്പർ, വാർഡ് 3



കെ കെ നാരായണൻ
മെമ്പർ, വാർഡ് 4



സുജീറ എസ്
മെമ്പർ, വാർഡ് 5



കെ സുരിജ
മെമ്പർ, വാർഡ് 6



ഹസ്നാഫ് കെ വി
മെമ്പർ, വാർഡ് 7



പി അജയൻ
മെമ്പർ, വാർഡ് 8



പ്രസാദ് പി
മെമ്പർ, വാർഡ് 9



ഗൗരി കെ വി
മെമ്പർ, വാർഡ് 11


അനീഷ്കുമാർ പി
മെമ്പർ, വാർഡ് 12


റീന അനിൽ
മെമ്പർ, വാർഡ് 15


കെ ലത
മെമ്പർ, വാർഡ് 18


അനില പി വി
മെമ്പർ, വാർഡ് 19


ടി പി സായികിരൺ
മെമ്പർ, വാർഡ് 20


റീന സി വി
മെമ്പർ, വാർഡ് 21


ടി എം സുരേന്ദ്രൻ
മെമ്പർ, വാർഡ് 22


ടി സുജിത്ത് കുമാർ
മെമ്പർ, വാർഡ് 23



**സെക്രട്ടറി**
**ടി ഷിബു കരുൺ**

#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w#w

# ജീവനക്കാരുടെ വിവരങ്ങൾ

## പഞ്ചായത്ത് ഓഫീസ്

| | | |
|---|---|---|
| സെക്രട്ടറി | : | ടി ഷിബു കരുൺ |
| അസിസ്റ്റന്റ് സെക്രട്ടറി | : | എ വി ജോർജ് |
| ജൂനിയർ സൂപ്രണ്ട് | : | ഷൈജ കെ |
| ഹെഡ് അക്കൗണ്ടന്റ് | : | ഷീബ പി |
| സീനിയർ ക്ലർക്ക് | : | നാരായണൻ കെ പി |
| സീനിയർ ക്ലർക്ക് | : | ഷൈനി നാരായണൻ |
| സീനിയർ ക്ലർക്ക് | : | ഷൈനി പി കെ |
| സീനിയർ ക്ലർക്ക് | : | അജിത കുമാരി ടി എം |
| ക്ലർക്ക് | : | സൗമ്യ പി കെ |
| ക്ലർക്ക് | : | ഫാത്തിമ എം പി |
| ക്ലർക്ക് | : | അമ്പിളി എ ആർ |
| ക്ലർക്ക് | : | ശോഭന എൻ |
| ക്ലർക്ക് | : | സുഭാഷ് എസ് |
| ക്ലർക്ക് | : | കീർത്തി എൽ എസ് |
| ക്ലർക്ക് | : | അജ്മൽ ബാബു എൻ |
| ഓഫീസ് അറ്റന്റന്റ് | : | ദീപ , രജിത |
| എം ജി എൻ ആർ ഇ ജി എസ് | : | ലതിക പി വി, അനീഷ്യ കെ |
| ടെക്നിക്കൽ അസിസ്റ്റന്റ് | : | സ്മിത വി |
| പ്രോജക്ട് അസിസ്റ്റന്റ് | : | സുചിത്ര പി |
| പി ടി എസ് | : | അഷ്റഫ് കെ, പ്രജോഷ് വി പി |
| പി ടി പി കെ | : | കൃഷ്ണൻ കെ ഐ |
| പി ടി എൽ | | കമല ഇ പി |

## എഞ്ചിനിയറിംഗ് വിഭാഗം

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | : | നവ്യ വേണുഗോപാൽ |
| ഓവർസിയർ ഗ്രേഡ് | : | ജിതിൻ |
| ക്ലർക്ക് | : | പ്രസാദ് |

## ഗ്രാമവികസനം

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | : | ബബിത കെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | : | സന്ധ്യ വി സി |

## സംയോജിത ശിശു വികസനം

| | | |
|---|---|---|
| ICDS സൂപ്പർവൈസർ | : | ഷബില കെ |

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| | | |
|---|---|---|
| അക്രഡിറ്റഡ് എഞ്ചിനീയർ | : | ലതിക പി വി |
| അക്കൗണ്ടന്റ് കം ഡി.ഇ.ഒ | : | അനീഷ്യ കെ |

**സാക്ഷരത പ്രേരക്**

നിർമ്മല , ഷൈനി

# സേവനങ്ങൾ

# ILGMS

## (ഇൻറഗ്രേറ്റഡ് ലോക്കൽ ഗവൺമെൻറ് മാനേജ്മെൻറ് സിസ്റ്റം )

ഗ്രാമപഞ്ചായത്തുകൾക്കായി **IKM** ഉം പഞ്ചായത്ത് വകുപ്പും സംയുക്തമായി പ്രവർത്തിച്ച് തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയറാണ് ഐഎൽജിഎംഎസ്. വിഭിന്നങ്ങളായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വിവര സാങ്കേതിക വിദ്യ പ്രയോഗത്തിൽ വരുത്തുന്നതിനും അതുവഴി ഓഫീസ് പ്രവർത്തനം കൂടുതൽ എളുപ്പമാക്കുന്ന രീതിയിൽ കടലാസ് രഹിത ഫയൽ നീക്കം ആണ് ഈ സോഫ്റ്റ് വെയർ വിഭാവനം ചെയ്തിട്ടുള്ളത്.

വ്യക്തികൾക്ക് സോഫ്റ്റ് വെയർ citizen.lsgkerala.gov.in എന്ന സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്മാർട്ട് ഫോൺ/കമ്പ്യൂട്ടർ ലാപ്ടോപ്പ്, ഇൻറർനെറ്റ് എന്നീ സൌകര്യമുള്ളവർക്ക് സ്വന്തമായും മൈ അക്കൌണ്ട് സംവിധാനം ഉപയോഗപ്പെടുത്താത്തവർക്ക് അക്ഷയകേന്ദ്രങ്ങൾ/കുടുംബശ്രീ ഹെൽപ്പ് ഡെസ്ക്, അംഗീകൃത സേവനദാതാക്കൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. പഞ്ചായത്ത് ഓഫീസിൽ നേരിട്ട് പോകാതെ ഏത് അപേക്ഷ ഏത് സമയത്തും അപേക്ഷ സമർപ്പിക്കാവുന്നതും സേവനങ്ങൾ ലഭ്യമാകുന്നതുമാണ്.

2020 ജൂൺമാസത്തിൽ ആരംഭിച്ച ഈ സോഫ്റ്റ് വെയർ പ്രവർത്തനം ഇന്ന് കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കിയ സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിലേക്ക് വരേണ്ട എല്ലാ അപേക്ഷകളും ഇനി മുതൽ ഓൺലൈനായി തന്നെ സമർപ്പിക്കുന്നതിന് നിങ്ങൾ ഓരോരുത്തരും വ്യക്തിപരമായി നിങ്ങളുടെ കടമ നിർവ്വഹിക്കേണ്ടതാണ്.

| ക്രമനം | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ടുന്ന വിവരം | നിബന്ധനങ്ങൾ | അടക്കേണ്ടുന്ന ഫീസ് | സേവനം ലഭിക്കുന്ന സമയപരിധി |
|---|---|---|---|---|---|
| 1 | ജനന രജിസ്ട്രേഷൻ (ജനനം നടന്ന് 30 ദിവസത്തിനുള്ളിൽ) | പഞ്ചായത്തിൽ സൗജന്യമായി നിശ്ചിത ഫോറത്തിൽ, ജനനം നടന്ന വീട്ടിലെ അംഗം/സ്ഥാപന മേധാവി 21 ദിവസത്തിനകം നൽകണം | പഞ്ചായത്ത് അതിർത്തി ക്കുള്ളിൽ നടന്ന ജനനം മാത്രം | ജനനം കഴിഞ്ഞ് 20 ദിവസം വരെ സൗജന്യം 29ദിവസം വരെ രണ്ടു രൂപ ലേറ്റ് ഫീ. | 7 പ്രവർത്തി ദിവസം |
| 2 | മരണ രജിസ്ട്രേഷൻ (മരണം നടന്ന് 30 ദിവസത്തിനുള്ളിൽ) | പഞ്ചായത്തിൽ സൗജന്യമായി നിശ്ചിത ഫോറത്തിൽ, മരണം നടന്ന വീട്ടിലെ അംഗം/സ്ഥാപന മേധാവി 21 ദിവസത്തിനകം നൽകണം | പഞ്ചായത്ത് അതിർത്തി ക്കുള്ളിൽ നടന്ന മരണം മാത്രം | മരണം കഴിഞ്ഞ് 20 ദിവസം വരെ സൗജന്യം 29 ദിവസം വരെ രണ്ടു രൂപ ലേറ്റ് ഫീ. | 7 പ്രവർത്തി ദിവസം |
| 3 | ജനനം /മരണം താമസിച്ചു രജിസ്റ്റർ ചെയ്യൽ (ഒരു വർഷത്തിനു ശേഷം) | 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷിക്കണം (2 കോപ്പികൾ) | ജില്ലാ രജിസ്ട്രാർ / റവന്യൂ ഡിവിഷണൽ ഓഫീസർ ന് വൈകി രജിസ്റ്റർ ചെയ്യാനുള്ള കാരണം കാണിക്കുന്ന അപേക്ഷ, രണ്ട് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടു ത്തിയ സത്യവാങ്മൂലം. (2 കോപ്പികൾ പേര് മേൽവിലാസം തെളിയിക്കുന്ന രേഖകൾ, നോൺ എവയിലബിലിറ്റി സർട്ടിഫിക്കറ്റ്) | 30 ദിവസം മുതൽ ഒരു വർഷം വരെ 5 രൂപ. ഒരു വർഷത്തിനുള്ളിൽ 10 രൂപ. | ജില്ലാ രജിസ്ട്രാർ/ റവന്യൂ ഡിവിഷണൽ ഓഫീസർ അനുവാദം തരുന്ന മുറക്ക് |
| 4 | ജനന രജിസ്റ്ററിൽ പേര് ചേർക്കൽ | മാതാപിതാക്കൾ സംയുക്തമായി അപേക്ഷിക്കണം (തിരിച്ചറിയൽ രേഖയുടെ പകർപ്പ് സഹിതം) | കുട്ടിയുടെ ജനനതീയതിയും, ജനന ക്രമവും ഉൾപ്പെടുത്തി നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം. | ഒരു വർഷം വരെ സൗജന്യം. ഒരുവർഷത്തിനു ശേഷം ലേറ്റ് ഫീ 5 രൂപ. | 7 പ്രവർത്തി ദിവസം |

| | | | | | |
|---|---|---|---|---|---|
| 5 | വിദേശത്ത് നടന്ന ജനനം രജിസ്റ്റർ ചെയ്യൽ | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. മാതാപിതാക്കൾ സ്ഥിര താമസമാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിലെ രജിസ്ട്രാർക്ക് | 60 ദിവസത്തിനകം സമർപ്പി ക്കുന്ന സംഗതികളിൽ പഞ്ചായത്തിൽ നിന്നും സൗജന്യമായി ലഭിക്കുന്ന ഫോറം 1 ലുള്ള റിപ്പോർട്ട്.ഏത് സ്ഥലത്ത് സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്നത് സംബന്ധിച്ച 100 രൂപ മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം.മാതാപിതാക്കളുടെ പാസ്പോർട്ടിന്റെ പകർപ്പ്. കുട്ടിയുടെ ജനനതീയതി കാണി ക്കുന്ന ഏതെങ്കിലും രേഖ (അമ്മയുടെയോ, കുട്ടിയുടെയോ പാസ്പോർട്ട്/ ആശുപത്രിയിലെ രേഖ തുടങ്ങിയവ) 60 ദിവസത്തിനു ശേഷം മുകളിൽ രേഖപ്പെടുത്തിയവയും നോട്ടറി/ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത വൈകിയതിന്റെ കാരണം കാണിക്കുന്ന അഫിഡവിറ്റ്. രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം. | 60 ദിവസം വരെ ആവശ്യമില്ല. 60 ദിവസത്തിന് ശേഷം 1 വർഷം വരെ 5 രൂപ. 1 വർഷത്തിനു ശേഷം 10 രൂപ. | ഇന്ത്യയിലെത്തി 60 ദിവസത്തിനകം റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ 30പ്രവർത്തി ദിവസത്തിനകം. വൈകി റിപ്പോർട്ട് ചെയ്യുന്ന സന്ദർഭങ്ങളിൽ ജില്ലാ രജിസ്ട്രാർ /റവന്യൂ ഡിവിഷണൽ ഓഫീസ റുടെ അനുമതി ലഭിച്ച് 7 ദിവസത്തിനകം. |
| 6 | ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. | ജനന റിപ്പോർട്ട്. ദത്തെടുക്കൽ സംബന്ധിച്ച കോടതി ഉത്തരവിന്റെ പകർപ്പ്. മാതാപിതാക്കളുടെ താമസസ്ഥലം തെളിയിക്കുന്ന രേഖകൾ (റേഷൻ കാർഡ്, ഐ.ഡി. കാർഡ് എന്നിവ) | 21 ദിവസത്തിനകം ഫീസില്ല. 21 ദിവസത്തിന് ശേഷം 1 വർഷം വരെ 5 രൂപ.1 വർഷത്തിനു ശേഷം 10രൂപ. | ദത്തെടുക്കൽ സംബ ന്ധിച്ച കോടതിഉത്തരവ് ഹാജരാക്കിയ ശേഷം 15 ദിവസം. |
| 7 | ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷൻ | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. | ജനന റിപ്പോർട്ട്. കുട്ടിയുടെ ജനനതീയതി സംബന്ധിച്ച നോട്ടറി/ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സ്ഥാപന മേധാവിയുടെ സത്യവാങ്മൂലം | അടക്കേണ്ട ഫീസില്ല | നോട്ടറി ഗസറ്റഡ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| 8 | നിയമപരമായി ദത്തെടുക്കാത്ത കുട്ടികളുടെ രജിസ്ട്രേഷൻ | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. | 1. ജനന റിപ്പോർട്ട്.<br>2 . വിശ്വസനീയമായ വ്യക്തികളിൽ നിന്നുള്ള സത്യപ്രസ്താവന<br>3.മാതാപിതാക്കളുടെ താമസ സ്ഥലം തെളിയിക്കുന്ന രേഖകൾ<br>4. SSLCബുക്ക്/റേഷൻകാർഡ്/ ID കാർഡ്. (അന്വേഷണം നടത്തി ബോധ്യപ്പെട്ടതിന് ശേഷം) | 10 രൂപ | രജിസ്ട്രേഷനുള്ള അനുമതി ലഭിച്ച് 15 ദിവസത്തിനകം |
| 9 | സ്കൂളിൽ ചേർത്തതിന് ശേഷം പേര് ചേർക്കുന്ന സംഗതികളിൽ | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. | സ്കൂൾരേഖയുടെ/ അഡ്മിഷൻ രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. അപേക്ഷകർ മാതാവ്/പിതാവ്/ രക്ഷിതാവ് ആണെങ്കിൽ അവരുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് | 5 രൂപ ലേറ്റ് ഫീ. | 7 പ്രവർത്തി ദിവസം |
| 10 | ജനന രജിസ്ട്രേഷനിൽ പേര് ചേർക്കൽ. (കുട്ടിയുടെ ജനന തീയതിയും സ്കൂൾ രേഖയിലെ ജനനതീയതി യും തമ്മിൽ 10 മാസത്തിലേറെ വ്യത്യാസമുണ്ടെങ്കിൽ | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. | സ്കൂൾ രേഖയുടെ ശരിപകർപ്പ്/ സ്കൂൾ രേഖയിലെ പേര് ജനനതീയതി മാതാപിതാക്കളുടെ പേര് എന്നിവകാണിക്കുന്ന വിദ്യാഭ്യാസ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം. ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം. ജനനക്രമത്തിൽ കാണിച്ചിട്ടുള്ള കുട്ടികളുടെ ജനനതീയതി/വയസ്സ് തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ്/ സ്കൂൾരേഖ/ റേഷൻകാർഡ്/ആശുപത്രി രേഖ എന്നിവയിൽ ഏതിന്റെയെങ്കിലും ഒന്നിന്റെ പകർപ്പ് | ഫീസില്ല | അപേക്ഷ ലഭിച്ച് 15 പ്രവർത്തി ദിവസം |

| ക്രമനം | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ടുന്ന വിവരം | നിബന്ധനങ്ങൾ | അക്കേണ്ടുന്ന ഫീസ് | സേവനം ലഭിക്കുന്ന സമയപരിധി |
|---|---|---|---|---|---|
| 11 | സ്കൂൾ വിദ്യാഭ്യാസം നേടാത്തവരുടെ സംഗതികളിൽ. | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. | അപേക്ഷയിൽ ഒപ്പു വെച്ചിരിക്കുന്ന വരുടെ തിരിച്ചറിയൽ രേഖ. മാതാപിതാക്കളുടെയും എല്ലാ കുട്ടികളുടെയും പേര്, ജനന തീയതി, ജനന ക്രമം എന്നിവ കാണിക്കുന്ന സത്യവാങ്മൂലം. മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖ. | 5 രൂപ | 7 പ്രവർത്തി ദിവസം |
| 12 | ജനന രജിസ്റ്ററിൽ സ്കൂളിൽ ചേർക്കുന്നതിന് മുമ്പ് ചേർത്ത പേര് സ്കൂൾ രേഖയിലേത് പോലെ തിരുത്തൽ. | തെറ്റായി പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കിക്കൊണ്ടുള്ള 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. | സ്കൂൾ രേഖയുടെ പകർപ്പ്. തെറ്റായ പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന മാതാപിതാക്കളുടെ /അപേക്ഷകന്റെ അനുബന്ധം 40ലുള്ള സത്യവാങ്മൂലം 100രൂപയുടെ മുദ്രപത്രത്തിൽ. | 50 രൂപ (കോമ്പൗണ്ടിംഗ് ഫി) | 7 പ്രവർത്തി ദിവസം |
| 13 | 01.04.1970 ന് മുമ്പുള്ള ജനന രജിസ്ട്രേഷനിൽ പേര് ചേർക്കൽ. | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. | സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാകുട്ടികളുടെയും പേര്, ജനനതീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നോ ഇല്ലയോ എന്ന് വ്യക്തമാക്കുന്ന അനുബന്ധം 12 ഫാറത്തിലുള്ള സത്യവാങ്മൂലം. | 5 രൂപ ലേറ്റ് ഫീ | അനുമതി ലഭിച്ച് 7 ദിവസ ത്തിനകം |
| 14 | മാതാപിതാക്കളുടെ പേര്(ഇനീഷ്യൽ വികസിപ്പിക്കൽ, ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർക്കൽ,മേൽവിലാസത്തിലെ അക്ഷരതെറ്റുകൾ ) തിരുത്തൽ | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. | തിരുത്തൽ സംബന്ധിച്ച് നോട്ടറി, 2 ഗസറ്റഡ് ഓഫീസർമാർ, വില്ലേജ് ഓഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റ്. തിരിച്ചറിയൽ രേഖ | ഇല്ല | 15 പ്രവർത്തി ദിവസം |

| | | | | | |
|---|---|---|---|---|---|
| 15 | 01.04.1970 ന് മുമ്പുള്ള ജനന മരണ രജിസ്ട്രേഷനിലെ തിരുത്തലുകൾ. | ചീഫ് രജിസ്ട്രാർക്കുള്ള അപേക്ഷ. | സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. ജനനം/മരണം റിപ്പോർട്ട് ചെയ്ത വ്യക്തിയുടെ അപേക്ഷ/ ജീവിച്ചിരി ക്കുന്നില്ലെങ്കിൽ സത്യവാങ്ങ് മൂലം. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേരും ജനന തീയതി ജനനക്രമം ജീവിച്ചിരി ക്കുന്നോ ഇല്ലയോ എന്ന് വ്യക്ത മാക്കുന്ന നിശ്ചിത ഫോറം ഒരു പേര് മറ്റൊന്നായി തിരുത്തു ന്നതിന് റവന്യൂ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം. രണ്ട് വിശ്വസ്ത വ്യക്തികളിൽ നിന്നുള്ള ഡിക്ലറേഷൻ. ആശുപത്രികളിൽ നിന്ന് റിപ്പോർട്ട് ചെയ്ത കേസുകളിൽ തിരുത്തലിന് ആശുപത്രി അധികാരികളുടെ തിരുത്തൽ കത്ത്. സ്ഥാപനം നിലിവിലില്ലെങ്കിൽ അത് സംബന്ധിച്ച സത്യവാങ്ങ്മൂലം. | ഫീസില്ല | 7 പ്രവർത്തി ദിവസം |
| | കുട്ടിയുടെ പേരിലെ ഇനീഷ്യൽ വികസിപ്പിച്ച് തിരുത്തൽ നടത്തൽ | പ്രായപൂർത്തിയാകാത്ത കുട്ടിയുടെ സംഗതികളിൽ മാതാപിതാക്കളുടെ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച സംയുക്ത അപേക്ഷ. അല്ലെങ്കിൽ കുട്ടി പ്രായപൂർത്തിയായതാണെങ്കിൽ കുട്ടിയുടെ അപേക്ഷ. | തെറ്റായ പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന സത്യവാങ്ങ്മൂലം. | കോമ്പൗണ്ടിങ്ങ് ഫീ 50 രൂപ. | 15 പ്രവർത്തി ദിവസം |
| 16 | ജനന മരണ സർട്ടിഫിക്കറ്റ് | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. | അപേക്ഷകന്റെ പേരിൽ വാങ്ങിയ 20 രൂപയിൽ കുറയാത്ത തുകയ്ക്കുള്ള സ്റ്റാമ്പ് പേപ്പർ | തെരച്ചിൽ ഫി 1 വർഷത്തേക്ക് 2 രൂപ | 3 പ്രവർത്തിദി വസം |

| | | | | | |
|---|---|---|---|---|---|
| 17 | ജനന മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിലെ തിരുത്തൽ (പേര്, മേൽവിലാസം മുതലായവ) | 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് വെള്ളക്കടലാസിൽ അപേക്ഷ. ജനനം/മരണം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ വ്യക്തിയുടെ / സ്ഥാപനത്തിന്റെ തിരുത്തൽ കത്ത്. വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം. 2 വിശ്വസനീയവ്യക്തികളുടെ സാക്ഷ്യപത്രം.മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റ് | ജനന സമയത്ത് രജിസ്റ്ററിൽ പേര് ചേർത്താൽ മാത്രമേ സാധിക്കൂ.ആയത് സ്കൂളിൽ ചേർക്കുന്നതിനു മുമ്പ് ഒരു പ്രാവശ്യം മാത്രമേ തിരുത്താൻ സാധിക്കൂ.ഗസറ്റ് വിജ്ഞാപനം വഴി പേര് മാറിയാൽ ആയത് പ്രകാരം രജിസ്റ്ററിൽ തിരുത്താൻ പറ്റില്ല. മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റ് ഇല്ലാത്ത പക്ഷം നോട്ടറിപബ്ലിക്കിന്റെ സത്യവാങ്മൂലംഹാജരാക്കേണ്ടതാണ്. | ഫീസില്ല | |
| 18 | നോൺഅവൈലബിലിറ്റി സർട്ടിഫിക്കറ്റ്. | 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷ. | ജനനം/മരണം നടന്ന സ്ഥലം, സംഭവം നടന്ന സമയത്തെ താമസസ്ഥലം, ജനനതീയതി, ജനന സമയത്തെ മേൽ വിലാസം തെളിയിക്കുന്ന രേഖ എന്നിവ ഹാജരാക്കണം. | തെരച്ചിൽ ഫീസ് ഒരു വർഷത്തേക്ക് 2 രൂപ . സർട്ടിഫിക്കറ്റ് 2 രൂപ. | |
| 19 | വിവാഹ രജിസ്ട്രേഷൻ ഹിന്ദു വിവാഹ നിയമപ്രകാരം (വിവാഹം നടന്ന് 30 ദിവസത്തിനുള്ളിൽ) | വൈകി രജിസ്റ്റർ ചെയ്യുന്നതിനുള്ള കാരണം കാണിക്കുന്ന 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. നിശ്ചിത ഫോറത്തി ലുള്ള റിപ്പോർട്ട്. വിവാഹിതരായി എന്ന തെളിവ് (ക്ഷണക്കത്ത്, വിവാഹം നടത്തപ്പെട്ട സ്ഥാപനത്തിന്റെ മേധാവിയുടെസാക്ഷ്യപത്രം) | ജനനം/മരണം നടന്ന സ്ഥലം, സംഭവം നടന്ന സമയത്തെ താമസസ്ഥലം, ജനനതീയതി, ജനന സമയത്തെ മേൽവിലാസം തെളിയിക്കുന്ന രേഖഎന്നിവ ഹാജരാക്കണം. | തെരച്ചിൽ ഫീസ് ഒരു വർഷത്തേക്ക് 2 രൂപ . സർട്ടിഫിക്കറ്റ് 2 രൂപ. | |
| 20 | വിവാഹ രജിസ്ട്രേഷൻ ഹിന്ദു വിവാഹ നിയമപ്രകാരം (വിവാഹം നടന്ന് 30 ദിവസത്തിനുള്ളിൽ) | വൈകി രജിസ്റ്റർ ചെയ്യുന്നതിനുള്ള കാരണം കാണിക്കുന്ന5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.നിശ്ചിതഫോറത്തിലുള്ള റിപ്പോർട്ട്. വിവാഹിതരായി എന്ന തെളിവ് (ക്ഷണക്കത്ത് വിവാഹം നടത്തപ്പെട്ട സ്ഥാപനത്തിന്റെ | പഞ്ചായത്ത് അതിർത്തി ക്കുള്ളിൽ നടന്ന വിവാഹം മാത്രം വിവാഹം നടന്ന് 15 ദിവസത്തിനകം രജിസ്റ്റർ ചെയ്യണം. മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ 30 ദിവസം വരെ രജിസ്റ്റർ ചെയ്യാം. അറിയപ്പെടുന്ന 2 സാക്ഷികൾ ഉണ്ടായിരിക്കണം. വരന്റെ/വധുവിന്റെ ആദ്യ വിവാഹ | 10 രൂപ | 14 ദിവസം |

| | | | | | |
|---|---|---|---|---|---|
| | | മേധാവിയുടെ സാ ക്ഷ ്യപത്രം) പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | മല്ലെങ്കിൽ മുൻ വിവാഹം ഒഴിവാക്കിയതിന്റെ വേർപിരിഞ്ഞ തിന്റെ നിയമപരമായ രേഖകൾ | | |
| 21 | വിവാഹ രജിസ്ട്രേഷൻ ഹിന്ദു വിവാഹ നിയമപ്രകാരം (വിവാഹം നടന്ന് 30 ദിവസത്തിനു ശേഷം) | നിശ്ചിത ഫോറത്തിലുള്ള റിപ്പോർട്ട്. എന്ന വിവാഹിതരായി തെളിവ് (ക്ഷണക്കത്ത്, വിവാഹം നടത്തപ്പെട്ട സ്ഥാപനത്തിന്റെ മേധാവിയുടെസാക്ഷ്യപത്രം)പ്രായം തെളിയിക്കുന്ന സാക്ഷ്യപത്രം. | പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടന്ന വിവാഹം മാത്രം വിവാഹം നടന്ന് 15 ദിവസത്തിനകം രജിസ്റ്റർ ചെയ്യണം. മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ 30 ദിവസം വരെ രജിസ്റ്റർ ചെയ്യാം. അറിയപ്പെടുന്ന 2 സാക്ഷികൾ ഉണ്ടായിരിക്കണം. വരന്റെ/വധുവിന്റെ ആദ്യ വിവാഹമ ല്ലെങ്കിൽ മുൻ വിവാഹം ഒഴിവാക്കിയതിന്റെ വേർപിരിഞ്ഞ തിന്റെ നിയമപരമായ രേഖകൾ ഹാജരാക്കണം. വധൂവരന്മാർ ഒരുമിച്ച് താമസമാണെന്ന് ഗസറ്റഡ് ഓഫീസർ സാക്ഷ്യ പ്പെടുത്തണം. | 10 രൂപ | 15 പ്രവർത്തി ദിവസം ( ജില്ലാരജിസ്ട്രാറുടെ പക്കൽ നിന്നും അനുമതി ലഭിച്ചതിന് ശേഷം) |
| 22 | ഹിന്ദു വിവാഹ നിയമ പ്രകാരമുള്ള രജിസ്ട്രേഷനിലെ അടിസ്ഥാന വിവരങ്ങളിലെ തിരുത്തലുകൾ | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ചീഫ് ര ജി സ് ട്രാ ർ ക്ക് ഭാര്യാഭർത്താക്കന്മാരുടെ സംയുക്ത അപേക്ഷ | വിവാഹ രജിസ്ട്രേഷന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. ശരിയായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പ്. തിരുത്തൽ പേര് സംബന്ധിച്ചതാണെങ്കിൽ വില്ലേജ് ഓഫീസിൽ നിന്നുള്ള സാക്ഷ്യപത്രം. | ഇല്ല | ചീഫ് രജിസ്ട്രാറുടെ അനുമതി ലഭിച്ച് 7 ദിവസത്തിനകം |
| 23 | ഹിന്ദു വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. | 20 രൂപയുടെ മുദ്രപേപ്പർ ഹാജരാക്കുക | 10 രൂപ | 7 പ്രവർത്തി ദിവസം |

| | | | | | |
|---|---|---|---|---|---|
